K04
C35

# ശ്രീയേശുചരിതം.

ഗ്രന്ഥകർത്താ:

...ലിൽ കഞ്ഞിഉണ്ണിമേനോൻ

K04
C35

XK37 To the Rev. Scholastics. Chetafy... 7-VI-'38

# ശ്രീയേശുചരിതം.

Presented by Rev. Fr. Bernardine 7/6/46

ഗ്രന്ഥകർത്താ:

വൈദ്യൻ ചാലിൽ കുഞ്ഞികൃഷ്ണമേനോൻ

അവർകൾ.

---

പ്രസാധകൻ,

വി. ഐ. ഇട്ടൂപ്പ് വൈദ്യൻ.

70278

—— : * : ——

1—ാം പതിപ്പ്,

കോപ്പി 1000

DHARMARAM COLLEGE LIBRARY, BANGALORE. 7347

K.O4 C35

ഭാരതഭൂഷണം പ്രസ്സ്, കുന്നംകുളം.

---

പകർപ്പവകാശം ഗ്രന്ഥകർത്താവിനുള്ളതാകുന്നു

# അവതാരിക.

"ശ്രീയേശുചരിതം" എന്ന ഈ ഗ്രന്ഥത്തിന്ന ഒരു അവതാരിക എഴുതത്തക്ക ത്രാണിയും പ്രസിദ്ധിയും മററും സിദ്ധിച്ചിട്ടുള്ള എത്രയോ സാഹിത്യകാരന്മാർ ഗ്രന്ഥകൎത്താവിന്റെ അധീനത്തിൽതന്നെയുള്ള സ്ഥിതിക്കു കേവലം സാഹിത്യാനഭിജ്ഞനായ എന്നെത്തന്നെ ഇതിലേക്കു തിരഞ്ഞെടുത്തതു അദ്ദേഹത്തിന്ന എന്നിലുള്ള എന്തോഒന്നിന്റെ ആവേശം ഹേതുവാലായിരിക്കാമെന്നല്ലാതെ മറെറാന്നും പറയുവാൻ കാണുന്നില്ല. എങ്കിലും ഇന്നു ലോകത്തിൽ അനേകായിരം ജനങ്ങൾ വിശ്വസിച്ചു വരുന്ന ഒരു മതത്തെ സ്ഥാപിച്ച ആ പുണ്യപുരുഷന്റെ ജീവചരിത്രത്തിന്ന— എങ്ങിനെയായാലും ശരി—ഒരു അവതാരിക എഴുതുക എന്ന ഭാഗ്യം സിദ്ധിച്ചതിൽ എനിക്കുള്ള അകൈതവമായ സന്തോഷത്തെ ആദ്യമായി പറഞ്ഞുകൊള്ളുന്നു.

മഹാകവി കട്ടക്കയത്തിന്റെ "ശ്രീയേശുവിജയം" മഹാകാവ്യത്തിൽ സവിസ്തരമായി വൎണ്ണിച്ചിട്ടുള്ള ചരിത്രത്തെ സംഗ്രഹിച്ചു ഒരു കവിതയെഴുതാനായി ചില ക്രൈസ്തവസ്നേഹിതന്മാർ ഗ്രന്ഥകൎത്താവിനോടു ഈയിടെ ആവശ്യപ്പെട്ടതിന്റെ ഫലമായിട്ടാണ് ഈ "ശ്രീയേ

ശ്രുചരിതം" ആവിർഭവിച്ചിട്ടുള്ളതു. ക്രിസ്തുദേവന്റെ ഒരു ചുരുങ്ങിയ ചരിത്രം ഇതിൽനിന്നും വായനക്കാൎക്കു മനസ്സിലാക്കാവുന്നതാണ്. ഗ്രന്ഥകൎത്താവു ഭാഷാകവിതയെഴുതുന്നതു ഇദംപ്രഥമമായതുകൊണ്ടും സംസ്കൃതഭാഷയിൽ തനിക്കുള്ള അനല്പമായ ജ്ഞാനത്തിന്റെ തള്ളിച്ചയാലും ഈ കവിതയിൽ ധാരാളമായി കടന്നുകൂടീട്ടുള്ള ഗീൎവ്വാണപദങ്ങൾക്കു ഒരു ടിപ്പണി കൂടെ ഇതിൽ കൊടുത്തിട്ടുണ്ടു. പക്ഷെ അതു "അങ്ങാഴിതന്നക്കരെയെത്തുവാനായ് ചങ്ങാടമേറിത്തുഴയുന്നമട്ടിലെ" ആയിട്ടുള്ളു എന്നു പറയേണ്ടിയിരിക്കുന്നു. ചില പദ്യങ്ങൾക്കു വിശദമായ വ്യാഖ്യാനംതന്നെ ആവശ്യമായിട്ടാണിരിക്കുന്നതു. ഈ ഒരു കുറവും നിസ്സാരമായ മററു സ്ഖലിതങ്ങളും രണ്ടാംപതിപ്പിൽ പരിഹരിക്കുമെന്നു വിശ്വസിക്കുന്നു.

ഇനി കവിതയെക്കുറിച്ചാണു രണ്ടുവാക്കു പറയേണ്ടതായിട്ടുള്ളതു. അതിലേക്കുള്ള സാഹിത്യബോധം എനിക്കില്ലെന്നു ആദ്യമെതന്നെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. എന്നുതന്നെയല്ല, കാണാൻപോകുന്ന 'കാഴ്ച' യെ സംബന്ധിച്ചു പറഞ്ഞറിയിക്കേണ്ടുന്ന ആവശ്യവുമില്ല. അതിനാൽ ആ ഭാഗം വായനക്കാരിൽ സമൎപ്പിച്ചു ഗ്രന്ഥകൎത്താവിനെ പരിചയപ്പെടുത്തുക എന്ന കൃത്യത്തിലേക്കു പ്രവേശിക്കാം.

ശ്രീമാൻ ചാലിൽ കുഞ്ഞികൃഷ്ണമേനോൻ അവർ

കഠം സാഹിത്യലോകത്തിൽ സുപരിചിതനല്ലെങ്കിലും വി ദ്വാന്മാരുടെയിടയിൽ ഒട്ടുംതന്നെ അപരിചിതനല്ല. വി ശ്വവിശ്രുതനായി കഥാവശേഷനായ ശ്രീമാൻ അരണാട്ടു കര അന്തോണി തരകൻ അവർകളുടെ ഗുരുസ്ഥാന ത്തെ അലങ്കരിപ്പാൻ ഭാഗ്യം സിദ്ധിച്ച ഒരു അപാരവൈ ദ്യവിദഗ്ദ്ധൻ എന്ന നിലയിൽ മാത്രമെ ഇദ്ദേഹത്തെപ്പ ററി അധികംപേരും അറിയുന്നുള്ളു. എന്നാൽ വൈദ്യ ശാസ്ത്രത്തിന്നു പുറമെ സംസ്കൃതസാഹിത്യത്തിൽ ഇദ്ദേ ഹത്തിന്നുള്ള അഗാധമായ അറിവു അറിഞ്ഞവർക്കുമാത്രമേ അറിഞ്ഞുകൂടു. ഭക്തിസംവർദ്ധകങ്ങളായ കീർത്തനങ്ങഠം, ഒററശ്ലോകങ്ങഠം തുടങ്ങി സംസ്കൃതത്തിൽ ഇദ്ദേഹം നി ർമ്മിച്ചിട്ടുള്ള കവിതകഠം ഒട്ടുവളരെയുണ്ടു. പക്ഷെ അവ യെല്ലാം ജനങ്ങളുടെ ദുർഭാഗ്യത്താലൊ എന്തോ ഇതേവ രെ പ്രസിദ്ധമായിട്ടില്ല എന്നേയുള്ളു.

ഒരു ഹിന്ദുവും വിശിഷ്യ വൃദ്ധനുമായ ഇദ്ദേഹ ത്തിന്നു ഒരു അന്യമതസ്ഥാപകനായ ക്രിസ്തുവിൻെറ ജീ വചരിത്രം എഴുതുവാൻതക്ക മനഃസ്ഥിതി വന്നതുതന്നെ ഇ ദ്ദേഹത്തിന്നു മതങ്ങളിലുള്ള സമഭാവനയുടേയും, യഥാർത്ഥ വിവേചനത്തിൻേറയും ഒരു മാനദണ്ഡമായി കണക്കാക്കാ വുന്നതാണ്. ദൈവം ഒന്നേയുള്ളു. ഓരോ മതക്കാക്കും പ്ര ത്യേകം പ്രത്യേകം ദൈവങ്ങളില്ല. ഭാഷാഭേദംകൊണ്ടോ അഭിപ്രായവ്യത്യാസംകൊണ്ടോ മററൊ വിവിധ നാമങ്ങ

ളും ആരാധനാദി ഭേദങ്ങളും ഉണ്ടായി എന്നല്ലാതെ ആ പരിശുദ്ധമായ പരബ്രഹ്മത്തിന്നു ഇതുകൊണ്ടൊന്നും യാതൊരു മാററവും ഉണ്ടാവുന്നതല്ല. തങ്കംകൊണ്ടു പലമാതിരി ആഭരണങ്ങൾ ഉണ്ടാക്കിയാലും ആകൃതിവ്യത്യാസം സംഭവിക്കുന്നതല്ലാതെ പ്രകൃതിക്കു യാതൊരു മാററവും വരുന്നില്ല. ഇതുപോലെ തന്നെയാണു ദൈവത്തിൻേറയും അവസ്ഥ. ഇതു ഏതു മതസ്ഥനും ആവശ്യം അറിഞ്ഞിരിക്കേണ്ടതായ ഒരു യഥാൎത്ഥ തത്വമാണു. ഈ അവസരത്തിൽ എനിക്കു ഒരു സംഗതിയാണു ഓൎമ്മയിൽ വരുന്നതു. മഹാകവി വള്ളത്തോളിൻെറ "മഗ്ദലനമറിയ"ത്തിൽ ചില സന്ദർഭങ്ങളിൽ കൃസ്തുവിനെ ശ്രീകൃഷ്ണനോടും, ശ്രീപരമേശ്വരനോടും താരതമ്യപ്പെടുത്തിയിരിക്കുന്നതു അത്ര ഉചിതമായില്ലെന്നു പല ക്രൈസ്തവസഹോദരന്മാരും, ചുരുക്കം ചില ഹിന്തുസഹോദരന്മാരും എന്നോടു പറയുകയുണ്ടായിട്ടുണ്ടു. എന്നാൽ ഹിന്തുക്കൾ കൃഷ്ണനേയും കൃസ്ത്യാനികൾ കൃസ്തുവിനേയും ദൈവമെന്നു വിശ്വസിക്കുന്നു. കൃസ്തുവിനെ കൃഷ്ണനോടുപമിച്ചാൽ അല്പബുദ്ധികളായ ഹിന്തുക്കൾക്കു കൃസ്തുവും ദൈവംതന്നെ എന്നുള്ള ഒരു വിചാരം വരുന്നു. അങ്ങിനെതന്നെ കൃഷ്ണനെ കൃസ്തുവിനോടുപമിച്ചാൽ കൃഷ്ണനും ദൈവംതന്നെയെന്നുള്ള ബോധം കൃസ്ത്യന്മാരിലും ഉണ്ടാവുന്നു. ഇതായിരിക്കാം ആ മഹാശയനായ വന്ദ്യമഹാകവിയുടെ ആശയം എന്നറിഞ്ഞു അഭിനന്ദിച്ചു പറഞ്ഞവരും ഇല്ലെന്നില്ല.

സ്വാൎത്ഥത്തെവിട്ട ലോകോപകാരത്തിന്നുവേണ്ടി ജീവിതം നയിച്ചിട്ടുള്ളവരെല്ലാം അവതാരപുരുഷന്മാരാണെന്നാണു ശാസ്ത്രസിദ്ധാന്തം. അങ്ങിനെയുള്ളവർ ഏതു സമുദായത്തിലായാലുംശരി, അവരുടെ ജീവചരിത്രം എഴുതുവാൻ ഏതൊരു മതസ്ഥനും ചുമതലയുള്ളതാണു. സമഭാവനയാണു ഏതു മതത്തിൻേറയും നാരായവേരു. അതു അവതാരപുരുഷന്മാരിലും ബാധിക്കുന്നതാണു. ഈ ഒരു ബോധം എല്ലാവരിലും ഉണ്ടാവുന്ന ഒരുകാലം എന്നോ അന്നു മാത്രമേ മനുഷ്യർ "സ്വാതന്ത്ര്യം" എന്ന നിയാക്ഷരീ മന്ത്രത്തിൻെറ യഥാൎത്ഥ മാഹാത്മ്യം മനസ്സിലാക്കുകയുള്ളു. അതിലേക്കുള്ള മാൎഗ്ഗങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു ഹിന്തുക്കൾ അന്യമതങ്ങളിലെയും അന്യമതസ്ഥന്മാർ ഹിന്തുമതത്തിലേയും അവതാരപുരുഷന്മാരെ കുറിച്ചും മററുമുള്ള കഥകൾ എഴുതി പ്രസിദ്ധപ്പെടുത്തുന്നതു.

ഏതു നിലക്കു നോക്കുന്നതായാലും ഈ ഗ്രന്ഥത്തിൻെറ ആവിൎഭാവം ഏററവും ഉചിതമായിരിക്കുന്നുവെന്നു നിൎമ്മത്സരബുദ്ധികളെല്ലാം സമ്മതിക്കാതിരിക്കയില്ല. ഇനിയും പറഞ്ഞു ഇതുപോലെയുള്ള ഗ്രന്ഥങ്ങൾ പുറത്തു വരുത്തുവാൻ ഗ്രന്ഥകൎത്താവിന്നു ജഗദീശ്വരൻ സംഗതിവരുത്തട്ടെയെന്നുള്ള പ്രാൎത്ഥനയോടു കൂടി ഈ പുസ്തകം സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

പേരാമംഗലം,
4—6—1109.

എന്നു,
കെ. കെ. കുട്ടം.

## സമൎപ്പണം.

ക്ഷമയുടെമൂരടാകും ക്രിസ്തുദേവന്റെ സാക്ഷാൽ
സുമഹിതചരിതത്തെ പദ്യരൂപത്തിലാക്കി
സമനിലകലരുന്നാ ബ്ഭക്തർതൻ തൃക്കഴൽച്ചെ
ങ്കമലമതിലിതാ ഞാനൎപ്പണം ചെയ്തിടുന്നു.

ഗ്രന്ഥകൎത്താ

# ശ്രീയേശുചരിതം.

1. ശ്രീയേശുവിൻ ചരിതമാമിതിഹാസതത്വ-
മീയുള്ളവർക്കു പറവാനറിയാവതല്ല
ദൈവാത്മജന്നിയതിതം ഭുവിവന്നതേന്നാ
ദൈവാവതാരചരിതം മഹനീയമല്ലോ!

2. മല്ലാക്ഷീമണിമാർകളിൽ സുകൃതിയാം കല്യാണി
യാം മേരിയിൽ
സ്വർല്ലോകാധിപനീശ്വരൻ കലിജുഷാം കല്യാണ
മേകീടുവാൻ
സ്വർല്ലോകപ്രദ "യേശു" വായവതരിച്ചീയൂഴിയിൽ
താൻ പുരാ
കല്യാണം മനുജർക്കു ചെയ്ത മഹാൻ കല്യാ
ണമേകട്ടെയേ

---

1. ഇതിഹാസതത്വം=വേദസാരം. നിയതിതം=ദൈവഗത്യാ. മഹനീയം=ഉൽകൃഷ്ടം.

2. കലിജുഷാം———വാൻ=കലികാലത്തെ ജനങ്ങൾക്കു മോക്ഷത്തെ കൊടുപ്പാൻ.

3. പരാപരാഖ്യം, നരപുണ്യപൂരം,
ധരാതലാന്തേ പ്രഥിതപ്രഭാവം
നരാവതാരം, കുരിശിൽപ്രതിഷ്ഠം,
പുരാണമാദ്യന്തവിഹീനമീഡെ.

4. കാർത്ത്യായനീതനയനാകിയ ക്രിസ്തുദേവൻ
മർത്ത്യാശയേ വിലസിടുന്നമഹാനുഭാവൻ
സത്യശ്രുതിപ്രണുതസജ്ജനഹൃത്തടത്തിൽ
നിത്യപ്രകാശനമലൻ തുണയായ്‌വരേണം.

5. ഉരംഗനാമെരലിയഹൃദാനന്ദിനീ
ചരാചരാധീശ്വരമൂർത്താർഭകം
ധരാതലത്തിൽ പ്രസവിച്ചകന്യകാ
വരംതരേണം മറിയാംബികാചിരാൽ

---

3. പരാപരൻ=ദൈവം. നരപുണ്യപൂരം=മനുഷ്യരുടെ ഭാഗ്യോദയം. ധരാതലാന്തേ=ഭൂമിയിൽ പ്രഥിതപ്രഭാവം=വലിയമാഹാത്മ്യം. നരാവതാരം=മനുഷ്യരൂപമെടുത്തവൻ. കുരിശിൽപ്രതിഷ്ഠം=കുരിശിൽപ്രതിഷ്ഠിച്ചവൻ. പുരാണം=പുരാതനമായത്. ആദ്യന്തവിഹീനം=ആദിയും അവസാനവുമില്ലാത്തത്. ഈഡേ=സ്തുതിക്കുന്നു.

4. കാർത്ത്യായനീതനയൻ=കന്യകാപുത്രൻ. സത്യശ്രുതി————സൻ=സത്യവേദത്താൽ സ്തുതിക്കപ്പെടുന്നവരുടെ ഹൃദയത്തിൽ വാസംചെയ്യുന്നവൻ. അമലൻ=പരിശുദ്ധൻ.

5. ചരാ————ർഭകം=ഈശ്വരനാകുന്നബാലൻ. അചിരാൽ=വേഗത്തിൽ.

6. ദോസാ ക്രൂപ്പിസ്തുതികന്നോൻ
യോദസേഫാഭിധപൂരുഷം
ആദസവേ പുണ്യവാളൻമെ
വാസനയ്ക്കും തുണയ്ക്കുന്നം.

7. പൃഥ്വീചക്രവിളങ്ങും നിഖിലനൃപവരശ്രേണി
സാമ്രാജ്യമുത്തായ്
വർത്തിക്കും ചക്രവർത്തി നൃപതികൾ സവിധേ
ചെന്നു കാൽത്താർ നമിക്കും
വത്തിക്കാഖ്യാതിതേടുന്നരമനമുകളിൽ ക്രിസ്തുദേവ
ന്റെ ഭക്തൻ
പത്രോസിൻ പ്രധാനസിംഹാസന മധിനിവസൻ
"പോപ്പാ"നുഗ്രാഹയേന്മാം.

8. വത്തിക്കാകീഴ് വണങ്ങി തിരുസഭമുഴുവൻ കാത്തു
രക്ഷിച്ചു നിത്യം
വർത്തിക്കും കർദ്ദിനാൾമ്മാർ പെരികെ പെരികവേ
മാന്യരാം മുഖ്യരേയും

---

6. ദോസ=കൈകൊണ്ട. യോദസ——രുഷം=യോസേഫ് എന്ന പേരോടുകൂടിയ പുണ്യവാളൻ. ആദസവേ=സേവിക്കുന്നു.

7. അധിനിവസൻ=ഇരിക്കുന്നവൻ. അനുഗ്രാഹയേൽ=അനുഗ്രഹിക്കട്ടെ. മാം=എന്നെ.

കത്തോലിക്കാസ്സഭയാമിഹ ഭുവിബഹുശോകത്താ
നാചാര്യരാകും
മെത്രാപ്പോലീത്താ മെത്രാനവർകളെയുമകത്തൊരു
കാർത്താർ തൊഴുന്നേൻ

9. ധന്യത്വാകലിതന്ന വേദവിധിയിൽ സന്യാസ
മുണ്ടോതിടാം
സന്യാസാശ്രമ കർമ്മധീരതസഭയിൽ സന്യാസി സാ
മ്രാൾപ്രിയോർ
മാന്യൻ ധർമ്മപരായണൻ സുകൃതിഭിർവന്ദ്യൻ മഹീ
മണ്ഡലേ
വിണ്ണിൽപ്പോലുമനന്യപൌരുഷമെഴും പുണ്യാം
ബുധേ വന്ദനം

10. കന്യകാവ്രതതപസ്സനിഷ്ഠയിൽ
കന്യകാമഠനിവാസരായിട്ടും
പുണ്യശാലിനികളുള്ളണർന്നകൊ—
ണ്ടെന്നുമേകണമിവന്നുമംഗളം.

11. സത്യശ്രുത്യനുവർത്തിയായ് മരുവിനപരിശുദ്ധാത്മ
കൻ "പോപ്പു" തന്നാൻ

---

9. വിണ്ണ്=സ്വർഗ്ഗം. അനന്യം=വർദ്ധിച്ചത്.
11. സത്യ——വിത്ത്=സത്യവേദജ്ഞൻ

പത്രോസില്‍സ്ഥാനമാകും തിരുസഭമുഴുവന്‍ കാത്തു
രക്ഷിച്ചുകൊണ്ടുപോവാന്‍
കത്തോലിക്കാസ്സഭായാമിഹട്ടവിബേഷ്ടദശാകത്ത
നാചാര്യരേയെ--
നന്ദത്താറില്‍ ചേര്‍ത്തു കാല്‍ത്താരിണകളിലനിശം
വാഴ്ത്തിവന്ദിച്ചിടുന്നേന്‍.

12. കര്‍മ്മകാണ്ഡേഷു നിഷ്ഠന്മാര്‍
ധര്‍മ്മപുണ്യ പരായണര്‍
നിര്‍മ്മലന്മാര്‍ സ്വധര്‍മ്മത്തില്‍
കര്‍മ്മഠന്മാര്‍ മഹത്തുകള്‍

13. ജൃംഭിച്ചപാപകര്‍മ്മത്തെ
"കംടസാരേണ" പോക്കുവോര്‍
സംഭവനാദ്ദ്രവ്യത്താല്‍
ഡംഭമൊഴിഞ്ഞുപജീവികള്‍.

---

12. കര്‍മ്മകാണ്ഡേഷു=സല്‍കര്‍മ്മങ്ങളില്‍. നിഷ്ഠന്മാര്‍=ഉറപ്പോടുകൂടിയവര്‍. ധര്‍മ്മ------ണര്‍=ധര്‍മ്മപുണ്യങ്ങളില്‍ ശ്രദ്ധയോടുകൂടിയവര്‍. നിര്‍മ്മലന്മാര്‍=പവിത്രന്മാര്‍. കര്‍മ്മഠന്മാര്‍=സമര്‍ത്ഥന്മാര്‍ (കര്‍മ്മത്തില്‍നിഷ്ഠയുള്ളവര്‍.

13. ജൃംഭിച്ച=വര്‍ദ്ധിച്ച.

14. രിഷ്ടകാലേഷു ക്രൂരാ —
ളപ്പെട്ടകർമ്മാദി ചെയ്യുവോർ
എട്ടുദിക്കിങ്കലുമാന്യ
പട്ടക്കാരിഷ്ടദായികൾ.

15. ഭൂമാതിരേകമുള്ളവാർന്നവിഹാരമദ്ധ്യേ
ധൂമാദിദീപഹവി ബീഞ്ഞുകൾ നൽകി ദൈവ
റോമാസഭയ്ക്കടിമയാക്കി ശിശുക്കളെ താൻ
“മാമോദിസാസ്നപന” കർമ്മണി ചേർത്തിടുന്നു.

16. ഉത്ഥായ പ്രത്യുഷസി നിത്യമുണർന്നനന്നായ്
കൃസ്തേശഭക്തിയകതാരിലുറച്ചുകൊണ്ട്
സത്യശ്രുതി സ്തുതി നമസ്കൃതി ശുദ്ധമാന —
കർമ്മാനപൂജകൾ കഴിപ്പു വിഹാരമദ്ധ്യേ.

---

14. രിഷ്ടകാലം=മരണസമയം.

15. ഭൂമാതിരേകം=മഹത്തായ. വിഹാരമദ്ധ്യേ=ദേവാലയം. ധൂമാദി ദീപം=പുകവിളക്ക് മുതലായവ ഹവിസ്സ്=പൂജാദ്രവ്യം ഭക്ഷ്യവ= പൂജാപാത്രമായിക്കൊണ്ട് സ്നപനം=ജ്ഞാനസ്നാനം

16. ഉത്ഥായ=എഴുന്നേറ്റിട്ട്. പ്രത്യുഷസി=പ്രഭാതത്തിൽ. സത്യശ്രുതി———സ്തുതി=സത്യവേദംകൊണ്ടുസ്തുതിക്കുകയും, നമസ്കരിക്കുകയും വിഹാരമദ്ധ്യേ=ദേവാലയത്തിനുള്ളിൽ

17. ആഹാരാദി സമസ്തഭുക്തി വിരതന്മാരായ് വിഹാരാ
ന്തരേ
ഹാഹേതിശ്രുതിഗാന കാകളിരമീവ്യാഹാരവ
ന്തോജനാഃ
ഹേഹാ! ഹേഹാ! കാഹളസ്വസ്വരേണ ഹരഹോർഗ്ഗായന്തി
ചേദംബരേ
ത്വാലോഹാശ്ചയഹോവദൈവതനയെന്ദ്രസമ്മേളി
തൈരുച്ചം കൃതൈര

18. മാർത്താണ്ഡനസ്തമിയ്ക്കുമ്പോൾ
പ്രാർത്ഥനാ കർമ്മ കാരികൾ
മാർത്തോം മറിയയാം ദേവി
കാൽത്താരിണയിൽ വന്ദനം.

19. നന്മയേററം നിറഞ്ഞീടു—
ന്നമ്മയേ മറിയാംബയെ
തിന്മയെല്ലാ മകററീടാ—
നമ്മകന്യേ! നമോസ്തുതെ.

---

17. ഭുക്തിവിരതന്മാർ=ഭക്ഷണംകഴിക്കാത്തവർ വിഹാരാന്തരേ=ദേവാലയത്തിനുള്ളിൽ ഹാഹേതി———കളി=ഉച്ചത്തിലുള്ളവേദഗാനങ്ങളാം അമീ=ഇവർ. വ്യാഹാര———ജനാഃ=ഉച്ചരിക്കുന്നജനങ്ങൾ. കാഹളസ്വസ്വരം=വാദ്യഘോഷം. അഹറഹോർ=രാവുപകൽ. ഗായന്തി=ഗാനംചെയ്യുമ്പോൾ. അംബരേ=ആകാശത്തിങ്കൽ.

20. സത്യമേറപ്പൊരു വചസ്സരിയാടിടാത്ത
ചിത്താനുവൃത്തിയിലെഴുന്നവി പശ്ചിതാഢ്യർ
സത്തായവേദവിധി വാക്കുകളായവിത്തു
മർത്ത്യാശയാവനിയിലാശു വിതച്ചിടുന്നു.

21. ചെമ്മേ ധർമ്മംനിനച്ചാലിഹ ഭുവിവലുതാണെന്നു
ചൊല്ലുന്ന തോരോ
സന്മാർഗ്ഗജ്ഞാതലോകം ബഹുവിധമതഭേദങ്ങളും സ
മ്മതിയ്ക്കും
ധർമ്മംപാരത്രികത്തിന്നധികഗുണമെഴും സ്വർഗ്ഗസോ
പാനമേറി
ശർമ്മം പ്രാപിപ്പുജന്മം നഹിനഹിവിധിവൽ ധർമ്മ
പുണ്യാത്മകന്മാർ.

22. ഭ്രഷ്ടരായിമരുവുന്നരോഗിണാം
കഷ്ടമോർത്തഖിലരക്ഷചെയ്യുവാൻ
കുഷ്ഠരോഗി കുരുടർക്കുവേണ്ടൊരാ—
ക്കെട്ടിടത്തെനിലനിർത്തിടുന്നവർ

---

20 വിപശ്ചിതാഢ്യർ=വിദ്വാന്മാർ. മർത്ത്യാശയാവനി=ജനങ്ങളുടെ മ
നസ്സാകുന്ന ഭൂമി.

21. പാരത്രികം=പരലോകം. സോപാനം=ചവിട്ടുപടി. ശർമ്മം=സുഖം.

23. യോഗ്യരാണോർത്തുനോക്കുമ്പോൾ
ഭാഗ്യവാരിധിസുസ്നപർ
സ്വർഗ്ഗഭാഗ്യ പ്രതിഷ്ഠന്മാർ
വർഗ്ഗ്, മിക്കൂട്ടരൊക്കയും

24. ത്രാണികൂടീടുമീവർക്കുപാർക്കുകിൽ
ഹൂണഭാഷ, സുറിയാനി, ലത്തീനും
വാണിമാധുരികലർന്നിടുന്നഗീ—
ർവ്വാണി, കൈരളിയിതും ഹൃദിസ്ഥമാം.

25. സത്യവേദ പ്രതിഷ്ഠന്മാർ
നിത്യകർമ്മപരായണർ
സത്യവേദഗുരുക്കന്മാർ
സത്തുക്കൾ വരമേകണം.

26. സാരമാർന്ന "സുവിശേഷ" സൽക്കഥാ—
പാരിലുണ്ടുപല ജാതിയെങ്കിലും
കാര്യമായവയിൽ നാലുതന്നതാമു—
ണ്ടാകുമെന്നു കരുതി ക്കഥിച്ചിടാം

---

23. വാരിധി=സമുദ്രം. സുസ്നപർ=സ്നാനംചെയ്യുന്നവർ.

24. ഗീർവ്വാണി=സംസ്കൃതം.

27. നിഖിലനിഗമരത്ന പ്രോതഹാരേഷു ഭാരം
നടുവിലമരുമോമൻ നായക ക്കല്ലുപോലെ
ഇഹഖലുവിനിഗമാനാം മണ്ഡലേസത്യവേദ
സ്തുതിരവവിദുരാണാം ക്രൈസ്തവാണാംവിതൎക്കം

28. ആദിപൂരുഷ പിഴപ്പുനീക്കുവാൻ
ദാവിദാഖ്യനൃപഗോത്രതല്ലജ
ദൈവപുത്രജനനീതി വിശ്രുതാ
ദേവികന്യകപ റന്നുപോൽപുരാ.

29. കൂറിടുന്നഖില സൽഗ്ഗുണങ്ങളെ
പ്പേറിടുന്ന മഹനീയകന്യക.
"മേറി"യെന്നഖില ലോകവിശ്രുതാ
ചേറിയോരു രമണീമണീയവൾ.

30. ഭൂഷണങ്ങളണിയുന്നകന്യകാ
വേഷഭംഗികവരും സുഹാസിനി
യോഷിതാം സദസിഘോഷഭാഷിണി
യോഷമാർമണിപ്പു പോഷകന്യക.

---

28. തല്ലജ=ശ്രേഷ്ഠ. ജനനി=അമ്മ. വിശ്രുത=കീൎത്തിപ്പെട്ടവൾ. പുരാ=പണ്ടു.

30. യോഷിത്തുകൾ=സ്ത്രീകൾ. ഘോഷഭാഷിണി=പുകഴ്ത്തുന്നവൾ. യോഷമാർമണി=സ്ത്രീകളിൽശ്രേഷ്ഠ.

31. കാറിടഞ്ഞകചഭാരഭംഗിയും
പാർവ്വണേന്ദുസമമാനനാഭയും
കാറു, ചന്ദ്രനിവർകണ്ടുലജ്ജയാ—
ത്താരിലാർന്നുദിവിനിന്നുമാറിയും,

32. ഭൃംഗപംക്തികളകന്നിട്ടുമഹാ—
ഭംഗിചേർന്നൊരളകാവലീകളിൽ
സംഗനൈകൃതിപരിത്യജിച്ചുകൊ-
ണ്ടങ്ങുനിന്നിനിവരാതെപോയിയും;

33. വിഭ്രമോല്ലസിതസുഭ്രൂവല്ലരീ
അബ്ധിതൻമുറ്റുവവിഭ്രമോർമ്മിയെ
സുഭ്രൂവാമവൾജയിച്ചിട്ടുന്നൊരാ
സുഭ്രൂവോർഭ്രമണവും മഹാത്ഭുതം! (കുളകം)

---

31. കചഭാരം=തലമുടി. പാർവ്വണേന്ദു=പൂർണ്ണചന്ദ്രൻ. ആനനം=മുഖം. ആഭ=ശോഭ. ദിവി=ആകാശത്തിങ്കൽ.

32. ഭൃംഗപംക്തി=വണ്ടിൻകൂട്ടം. അളകാവലി=കുറുനിരകൾ. സംഗനൈകൃതി=ചേരുവാനുള്ളശാഠ്യം. പരിത്യജിച്ചു=ഉപേക്ഷിച്ചു.

33. സുഭ്രൂവല്ലരി=പുരികക്കൊടി. അബ്ധി=സമുദ്രം. മുറ്റല———ഊർമ്മി=ചെറിയതിരകൾ. സുഭ്രൂ=സുന്ദരി സുഭ്രൂ——— ഭ്രമണം=പുരികങ്ങളുടെ ഇളക്കം.

34. ശശിമുഖിയ്ക്കുളവാംനിടിലപ്രഭാ
ശിശുശശിയ്ക്കുസമാനരുചിപ്രദാ
പിശുനതയ്ക്കൊരുകാരണമുണ്ടതിൽ
ശശിതനോന്നിശി ദൈവമഹന്നിശം.

35. സഞ്ജാതകാന്തിയേന്തീടും
മഞ്ജുവാം ലോചനദ്വയം
കഞ്ജാന്തർദ്ദളവും തോൽക്കും
കിംജൽപ്യാംകിന്ത്വതഃപരം

36. കർണ്ണസീമ്നിവിലസന്നകുണ്ഡല
ചണ്ഡദീധിതികലർന്നഗണ്ഡവും
ഗണ്യമെന്യെതിലസൂനഭംഗിയെ
വെന്നിടുന്നതിരുനാസികാഭയും,

---

34. ശശി=ചന്ദ്രൻ. നിടിലം=നെററി ശിശുശശി=ബാലചന്ദ്രൻ. സമാനം=തുല്യം. രുചി=ശോഭ. പിശുനത=അസൂയ. നിശി=രാത്രിയിൽ അഹന്നിശം=രാവുപകൽ

35. സഞ്ജാതകാന്തി=വർദ്ധിച്ചതേജസ്സ്. മഞ്ജു=മനോഹരം. കഞ്ജാന്തർദ്ദളം=കരിംകുവളപ്പൂവിൻെറ അകത്തെ ഇതൾ. കിംജൽപ്യം=എന്തുപറയുന്നു. കിന്ത്വതഃപരം=ഇതിലധികം എന്ത്.

36. കർണ്ണം=കാതു. കുണ്ഡലം=കർണ്ണാലങ്കാരം. ദീധിതി=ശോഭ ഗണ്ഡം=കവിൾത്തടം. തിലസൂനം=എള്ളിൻപൂവ്. വെന്നീടുന്ന=ജയിക്കുന്ന നാസിക=മൂക്ക.

37. മുല്ലതൻമുകുളമൊട്ടുമോമന
ഫുല്ലസാമൃദുലഹാസശോഭിയും
പല്ലവങ്ങളെനിരാകരിച്ചിടും
നല്ലതായരദനച്ഛദാഭയും.

38. ശംഖസമ്മിതഗളസ്ഥലാഭയും
പൊൻകുടോല്ലസിത കൊങ്കയുഗ്മവും
ജംഘജാനു ജഘനോദരോരുകൾ
അങ്കമാർമണി വിളങ്ങിടുംഗിയിൽ

39. മന്നിലില്ലിവളോടൊത്ത
കന്യകാ വിണ്ണിലും നഹി
ഉണ്ണിയാ“യേശു”വെപെററ
പുണ്യശാലി നീയല്ലയോ!

---

37. മുകുളം=മൊട്ടു. മൃദുലഹാസം=ഇളംപുഞ്ചിരി. പല്ലവം=തളിര്. നിരാകരിക്ക=തള്ളിക്കളയുക. രദനച്ഛദം=ചുണ്ടു.

38. സമ്മിതം=തുല്യം. ഗളം=കഴുത്തു ജംഘാ=കണങ്കാൽ ജാനു=മുട്ടു. ജഘനം=അരക്കെട്ടു. ഉദരം=വയറ്. ഊരു=തുട.

40. പുണ്യവാനായ യോസേപ്പു
പുണ്യവാളന്റെ പതിയാം
പുണ്യധർമ്മവതാം ചാഗ്രേ
ഗണ്യമാനാധൃതവ്രത.

41. ഭർത്തൃശുശ്രൂഷാ കൃത്യങ്ങൾ
നിത്യവും ചെയ്തുപോരുവോൾ
കർത്താവിൽ ഭക്തിയേറുന്ന
നൽത്തേന്മൊഴി മണിയവൾ.

42. കന്യകാവ്രത തപസ്സു നിഷ്ഠയിൽ
ധന്യയാം യുവതിവാണിടുന്നാൾ
വിണ്ണിലാശപെരുകുന്നതൽപ്രതി
പുണ്യവാനു മള്ളപോലിരുന്നാൾ പോൽ!

---

40. പതി=ഭാര്യ. ധർമ്മവതാം=ധാർമ്മികന്മാർ. അഗ്രേ=മുമ്പിൽ. ഗണ്യമാനാ=ഗണിക്കപ്പെടുന്നവൾ. ധൃതവ്രതാ=വ്രതനിഷ്ഠയോടുകൂടിയവൾ.

42. തൽപ്രതി തന്റെ ഭർത്താവു.

43. കാലേവന്നറിയിയ്ക്കുവാനിഹ ഭുവി മാലാഹവന്നോ
തിനാൻ
ബാലേ! യെൻമറിയാംബികേ! യബലമാർമൌലെ!
ധരിച്ചീടുനീ
പാലിപ്പാനിഹ ലോകമൊക്കനിറയും ദൈവാത്മ
ജൻ ത്വൽസ്സുതൻ
മാലേകുന്നപിശാചുകൾക്കൊരു മഹാകാലൻ പിറ
ക്കട്ടെയേ.

44. നീ "യേശു" വെന്നവന്നാമ മുരച്ചീടേണം
ദൈവേയ ശക്തിയവനെന്നു മുറച്ചീടേണം
പശ്ചേവളർത്തുപരിരക്ഷകൾ ചെയ്തിടേണം
കയ്യാലനുഗ്രഹ മുരച്ചു ഗമിച്ചിടുന്നോൻ.

45. മാലാഹവചനം സ്മൃത്വാ
സാബാലാവാണിട്ടംവിധൌ
കാലസ്വരൂപിയാമീശൻ
ബാലികോദരമേയിവാൻ

---

43. ദൈവാത്മജൻ=ദൈവപുത്രൻ. ത്വൽസുതൻ=നിന്റെപുത്രൻ. മാലേകുന്ന=ദുഃഖത്തെചെയ്യുന്ന. കാലൻ=നശിപ്പിക്കുന്നവൻ.

44. നാമം=പേര്.

45. വചനം=വാക്ക് സ്മൃത്വാ=വിചാരിച്ചിട്ടു. സാബാലാ=ആബാലിക. ബാലികോദരേ=ബാലികയുടെ വയറ്റിൽ. ഏയിവാൻ=പ്രാപിച്ചു വൻ

46. ഏവംവിധം ദമ്പതിമാരിരിക്കെ
ബ്ഭാവംപകർന്നാനഥ ദൈവമാതു:
ഏതോവിധം ഗർഭഗനായി ദൈവം
മെനവംവിധം ദൗഹൃദമത്ഭുതംകിം?

47. പ്രൗഢ ഗർഭമൂലമായതെന്തഹോ!
മൂഢഗർഭ മതിനില്ലകാരണം
ഊഢയോടിതി നിനച്ചു തൽപതി
ഗാഢശങ്ക യോടുവാണുപോൽ തദാ

48. വ്യാധിയല്ല, വ്യഥയില്ല തെല്ലുമേ
ബാധയോനഹി പിശാചികാകൃതാ
നാഥദൗഹൃദമിഹാ ഗമിച്ചൊര
ബ്ബാധയോ യിതു നിനയ്ക്കിലാധുനാ

49. ലക്ഷണങ്ങൾ പലതുണ്ടഗർഭിണീ
ലക്ഷണം വികൃതലക്ഷണം വിനാ
ഭക്ഷണത്തിൽ രുചിയില്ലതെല്ലുമേ
കുക്ഷിയും കറവിലല്ലകൂടുതൽ

---

46. ഏവംവിധം=ഈമാതിരി ദമ്പതിമാർ=ഭാര്യാഭർത്താക്കന്മാർ. നൈവംവിധം=ഇപ്രകാരമല്ല. ദൗഹൃദം=ഗർഭം. അത്ഭുതംകിം=അത്ഭുതമല്ലല്ലോ.

47. ഗാഢശങ്ക=വലിയസംശയം.

48. നഹി=ഇല്ല. പിശാചികാകൃത=പിശാചിനാൽ ചെയ്യപ്പെട്ടത്. അധുനാ=ഇപ്പോൾ.

50. രോമരാജിഷുവിശേഷനീലിമാ
വാമലോചനകുചാഗ്രയോരപി
ക്ഷാമതാശ്ചലഘുഗർഭലക്ഷണം
കാമിനീതനുഷു സുപ്രസിദ്ധമാം

51. കിളിമൊഴികൾനിതാന്തം ദൗഹൃദാരംഭകാലേ
പുളിമുളകഭിലാഷപ്പെട്ടിടും മട്ടിലായി
വെളുവെളെവിളറീടും വക്ത്രപത്മത്തെനോക്കി
ത്തെളിവുകൾപലതോർത്താസംശയാത്മാപ്രിയായാം

52. ഹന്താതികഷ്ട, മിവനൊട്ട മറിഞ്ഞിടാതി
ക്കാന്താംഗി ഗർഭനിലപൂണ്ടതു കൊണ്ടുശീഘ്രം
ചിന്താശതങ്ങളിയലാതിവളെ ത്യജിപ്പാ —
നെന്താവിരോധ; മിതിയോർത്തു സുഷുപ്തിചെയ്തു.

53. അന്നേരമായവന്മുന്നില തീവ്രതേജ
സ്സാന്തർബ്ഭവിച്ചവിധ മേകനണഞ്ഞു ദൃഢം
നിന്നാത്മ വല്ലഭ വഹിപ്പതു ദൈവപുത്ര
നെന്നായ് പറഞ്ഞവിടെ നിന്നു മറഞ്ഞുവേഗം.

51. അഭിലാഷം=ആഗ്രഹം. വക്ത്രം=മുഖം പത്മം=താമര. പ്രിയയാം=ഭാര്യയിങ്കൽ.

52. ചിന്താശതങ്ങൾ(=അനവധിവിചാരങ്ങൾ) സുഷുപ്തി=ഉറക്കം.

54. പെട്ടന്നണഞ്ഞു നിജ ചേതസി വാച്ചശങ്ക
വിട്ടന്നു വല്ലഭയിലാന്ന് ദുഗ്രഹമെല്ലാം
കഷ്ടം! മഹാവഷളിതെന്നു നിനച്ചതീവ-
ഇഷ്ട്യാവസിച്ചു സുതദർശന കാംക്ഷയോടെ.

55. ധന്യയായ യവ്വനാംഗനാമണി
മന്നിലുന്നത ഗതിയ്ക്കു കാരിണി
കന്യകാവ്രത മണിഞ്ഞൊരാമണി
ധന്യപൂരുഷ മസൂതരാമണി.

56. ഗർഭർമ്മണിനിനച്ചിരുന്നൊരാ
ഗർശായിഭുവനത്രയീശ്വരൻ
അർദ്ധരാത്രിസമയത്തുസുഭ്രുവാം
മത്തകാശിനിയിൽനിന്നുജാതനായ്

---

54. വാച്ച=വർദ്ധിച്ച. ദുഗ്രഹം=ദുശ്ശങ്ക ഇഷ്ട്യാ=സന്തോഷത്തോടെ.
സുതദർശനകാംക്ഷ=പുത്രനെകാൺമാനുള്ളആഗ്രഹം

55. അരാമണി=രമണരഹിത ഭർതൃസംഗമില്ലാത്തവൾ).

56. ഗർഭർമ്മണി=ഗർഭത്തെവഹിച്ചവൾ. ജാതൻ=ജനിച്ചവൻ.

57. ദാരകൻെറ ജനനാന്തരേ നിശി
സാരവേദിനി വിയദ്ഗ്രാംഗന
ഘോരമാമിരുളകററുവാൻ മഹൽ
താരദാരക മസൂത ശോഭനം.

58. ഉഡുകുലപതിയല്ലാ, സൂര്യനില്ലർദ്ധരാത്രൌ
പടുകിരണസമൃദ്ധ്യാ വ്യോമ്നി തേജോമയാഢ്യം.
ഉട്ടുടെവിലസീട്ടാ താരകങ്ങൾക്കുമദ്ധ്യേ
ഝടുതിയുദയമാന്നാത്താരകം ഹന്ത! ചിത്രം

59. നിയതിയുടെ നിയോഗാൽ വന്നുദിച്ചോരു താര
ഛവിശിരസി വഹിച്ചാരാത്രിയാം തന്വിയാളും
സുകൃതമമൃതസാരം, ദൈവപുത്രാവതാരം
സ്വമതിവെളിവിലാക്കി കാട്ടിനാൻ നാട്ടിലെല്ലാം

---

57. ദാരകൻ=കുട്ടി. നിശി=രാത്രി. വിയദ്ഗ്രാംഗന=ആകാശമാകുന്ന സ്ത്രീ. താരദാരകം=നക്ഷത്രമാകുന്ന കുട്ടി. അസൂത=പ്രസവിച്ചു.

58. ഉഡുകുലപതി=ചന്ദ്രൻ വ്യോമ്നി=ആകാശത്തിങ്കൽ. താരകങ്ങൾ=നക്ഷത്രങ്ങൾ.

59. നിയതി ദൈവം. ഛവി=ശോഭ

60. നവിഗ്രഹാരാധനപോക്കുവാനും
നവഗ്രഹാബാധ യൊഴിപ്പതിന്നും
നവഗ്രഹാവർജ്ജിതജാതമാംശൈരു
ദശഗ്രഹോൽബോധകമായ് ചമഞ്ഞു

61. ഭർത്താവില്ലാതെകന്യാജനമഥ പ്രസവിച്ചീട
മാറില്ലന്നൂനം
കർത്താവേ! നീവിച്ചുള്ളൊരു വിധിയവതാളത്തി
ലായെന്നുവന്നോ
ഇത്ഥംചിന്തിച്ചു മർത്ത്യാമ്മറിയയുവതിയാം തത്ര
വാഴും ദശായാം
ശ്രുത്യന്തേകേൾക്കുമാറായ് വിയതിനിയതിതോ
നിത്തവാദിത്രഘോഷം.

62. മാന്യേ! കേൾക്കസുമദ്ധ്യമേ! മറിയമേ! ധന്യേ!
യഹൂദാംഗനാ—
കന്യേ! മന്നിലുയർന്നിടും സ്തുതികൾ വന്ദ്യേ!
ധരിച്ചീടുനീ.

---

60. ന=നരൻ. നവഗ്രഹാബാധ=നവഗ്രഹങ്ങളുടെ ബാധ. ആവർജ്ജിതം=ഒഴിഞ്ഞത്. ജാതമാംശൈരു-ഉണ്ടായതേജസ്സ്. ദശഗ്രഹം=പത്താമത്തെഗ്രഹം ഉൽബോധം=അറിവു.

61. നൂനം=നിശ്ചയം. ഇത്ഥം=ഇപ്രകാരം. തത്ര=അവിടെ. ശ്രുത്യന്തേ-ചെവിടിനകത്തു. വിയത്=ആകാശം. നിയതിതി=ദൈവവശാൽ. വാദിത്രം=വാദ്യം.

നിന്നിൽജ്ജാതനതായിരുന്നൊരു സുതൻതാൻ
തന്നെ യാണോർക്കനീ
തയന്നിത്ഥം നിശിവിണ്ണിൽനിന്നൊരുവചസ്സു
ണോരുമുണ്ടായിപോൽ.

63. പുരാണജന്മർക്ഷഗനല്ല ബാലൻ
പുരാതനൻ പൈതൃകനല്ല പാർത്താൽ
പുരാണപാപത്തെ നിരാകരിപ്പാൻ
നരാവതാരത്തെ യെടുത്തതത്രെ!

64. കൃശാംഗിപെററീടിന നേരമോതിടാം
നിശാന്തനാരീജനമാരുമില്ലഹോ.
നിശാന്തമേഹന്ത! നിശാന്തമില്ലഹാ!
നിശീഥിനീധാത്രി സഹായിസുപ്രസൂ.

---

63. ജന്മർക്ഷഗൻ=ജന്മനക്ഷത്രത്തെപ്രാപിച്ചവൻ. പൈതൃകൻ=പിതാവിങ്കൽനിന്നുജനിച്ചവൻ.

64. നിശാന്തനാരീജനം=അന്തഃപ്പുരസ്ത്രീകൾ. നിശാന്തരേ=പാതിരാക്ക്. നിശാന്തം=വീട്. നിശീഥിനീധാത്രി=രാത്രിയാകുന്ന ഉപമാതാവ്. സുപ്രസൂ=സുഖമായിപ്രസവിച്ചവൾ.

65. ഈശാവതീൎണ്ണസുകുമാരകനേശുബാലൻ
നൈശാന്തമസ്സൊളിവിലാന്നശരീരകാന്ത്യാ
ക്ലേശാപഹാരി ഭുവനത്രയനാഥനായോൻ
ഗോശാലയിൽ പ്രസവമാൎന്നു കിടന്നു ചിത്രം!

66. മാലാഖമാരുടെയൊത്ത
കോലാഹലമഹാരവം
ചാലവേ വാനിടത്തൊന്നോ—
പോലെയെങ്ങും മുഴങ്ങിനാൻ

67. കാൽകടഞ്ഞു കരയുന്ന ബാലനെ
ക്കാൽത്തുടയ്ക്കിടയിലേററിവെച്ചുടൻ
ബാലികാമണി ചുരന്നിടും മുല—
പ്പാലുനൽകി ഭുവനാവലംബന്ന്!

68. അനന്തകല്യാണഗുണങ്ങൾ ചേൎന്നീ
യനന്തയിൽത്താനവതീൎണ്ണനായി
അനന്തപാപാത്മകരായനൃക്കൾ
ക്കനന്തപാപാടവിദാവവഹ്നി

---

66. ഈശാവതീൎണ്ണൻ-ഈശ്വരൻെറ അവതാരത്തെ കൈക്കൊണ്ടവൻ. സുകുമാരൻ=സുന്ദരൻ. നൈശം=രാത്രിഭവിച്ചത്. തമസ്സ്=ഇരുട്ട്. ക്ലേശാപഹാരി=ദുഃഖത്തെ ഇല്ലായ്മചെയ്യുന്നവൻ. ഭുവനത്രയനാഥൻ-മൂന്നുലോകത്തിന്നും ഈശൻ. ഗോശാല=തൊഴുത്ത്.

68 അനന്തം=അവസാനമില്ലാത്തതു. അനന്തയിൽ-ഭൂമിയിൽ. അവതീൎണ്ണൻ=ജനിച്ചവൻ. അനന്തപാപാത്മകർ-അവസാനമില്ലാത്ത പാപത്തെ ചെയ്യുന്നവർ. നൃക്കൾ=മനുഷ്യർ. [illegible]. അടവി=കാട്. ദാവവഹ്നി=കാട്ടുതീ.

69. പൈശാചികാബാധതമസ്സപോയിട്ടാൻ
യേശുർഹിമാംശുദ്യുതിവന്നുദിച്ചിട്ടും
“മോശാ”മഹാത്മാ “സുവിശേഷ”ലിഖ്യരാ-
ഷാശാവശന്മാർക്കുതെളിഞ്ഞിതാശയം.

70. പ്രാഭൃതങ്ങൾകരതാരിലേന്തീട്ടും
ഭൂഭൃത്തോർഭകവിലോകനാഗതാ
ഭേട്ടശംസ്തോഡുമരീചിവർത്മനാ
ഗോഭൃത്തുഭ്യകമാനതേ നമഃ

71. ഭൂതനാഥവിഭോ! ദേവ!
ഭൂതപഞ്ചാത്മകാപാം
ദാതാമുക്തിഞ്ചഭക്താനാം
ജേതാസ്വാവ്യയതേ നമഃ

---

69 ഹിമാംശുദ്യുതി=നിലാവു. ലിഖ്യർ=എഴുതിയവർ. ആശയം=മനസ്സ്.

70 പ്രാഭൃതങ്ങൾ=കാഴ്ച്ചദ്രവ്യങ്ങൾ. ഭൂഭൃത്തുക്കൾ=രാജാക്കന്മാർ. അർഭകൻ=കുട്ടി. വിലോകനം=കാഴ്ച. ആഗതാ=വന്നവർ. ഉഡുമരീചി=നക്ഷത്രങ്ങളുടെ ശോഭ. വർത്മനാ=വഴി. ഗോഭൃത്=സ്വർഗ്ഗഭൂമിയെ ഭരിക്കുന്നവൻ. തേനമഃ=അങ്ങേക്കു നമസ്കാരം.

71 ഭൂത——പാം=പഞ്ചഭൂതങ്ങൾക്കു നാഥനായ ദൈവം. ദാതാ=കൊടുക്കുന്നവൻ. ഭക്താനാം=ഭക്തജനങ്ങൾക്കു. ജേതാവ്=ജയശീലൻ. സ്വാവ്യയൻ=നാശമില്ലാത്തവൻ

72. മുട്ടുകുത്തിവിനയമാർന്നഭൂപരും
കുട്ടിതന്റെചരണാംബുജങ്ങളിൽ
പുഷ്ടഭക്തിയൊടുപോകമാവഴി
വെട്ടമേകിദിവി നിന്നതാരകം.

73. ചെറുപൈതലെരക്ഷചെയ്തുകൊണ്ടാ—
“മറിയം” മോദസുധാബ്ധിമഗ്നയായി
കുറനാൾ സുഖമാർന്നിരിക്കുമപ്പോ—
ളറിവേറുമൊരു ദൈവദൂതനെത്തി.

74. ക്രൂരനാമാരതളിനാനടനൊന്നുകേൾക്ക
ഹേറോദസാന്നൃപതിവൈരിയതോർത്തിടേണം
ഘോരാന്നുപുത്രനെവഹിച്ചുഗമിച്ചിടേണം
മേരീപതേ! പ്രിയയൊടൊത്തുസുഖംവരുംതേ!

75. താമോദപൈതലെയെടുത്തു കരാഞ്ചലത്തിൽ
ചേലാഞ്ചലേനമറച്ചേർത്തു മുലയ്ക്കുചേർത്തു
ഭൂലോകപാലനിവനെന്നുമനസ്സിലോർത്തു
മാലോഹരൊന്നനുനിനച്ചുഗമിച്ചുവേഗാൽ

---

72 ചരണം=കാല്. പുഷ്ടഭക്തി=വർദ്ധിച്ചഭക്തി. വെട്ടം=വെളിച്ചം. ദിവി=ആകാശം.

73 മോദസുധാബ്ധി=സന്തോഷമാകുന്ന അമൃതസമുദ്രം. മഗ്ന=മുഴുകപ്പെട്ടവൾ.

76. പരാത്മനഃകാന്തിതികഞ്ഞ ദൈവതം
നരാവതാരേണമഹത്തരാർഭകാ
കരാരവിന്ദത്തിൽ വഹിച്ചുപോയൊരാ
സരോരുഹാക്ഷ്യാ കരതാർവണങ്ങിടാം.

77. അവിടെനിന്നുഗമിച്ചൊരാവസ്ഥകൾ
ക്കപകടം വരുവാനിടയെങ്കിലും
കപടബാലകനീശ്വരനാകയാ —
ലപകടംവികടന്നവിടെകിമു

78. കംബുകണ്ഠിയുടെ യാത്രയാക്കിലോ
സംബളാകരതലത്തിലെന്തഹോ!
ജന്മഹീതനെ വഹിച്ചുകൊണ്ടവൾ
ശർമ്മമേറിട്ടു "മിജിപ്തി"ലെത്തിനാൾ

79. ഒരംജിപ്തുരാജ്യന്നിലവാപ്തനായി
യോസേപ്പു, മാതാവു കുമാരനോടും
സുതപ്തകാർത്തസ്വരഭാസുരാംഗൻ
സുതപ്പിച്ചെത്താനഖിലക്ഷമീശൻ

---

76. പരാത്മനഃകാന്തി=ഈശ്വര ചൈതന്യം, അർഭകം=കുട്ടി.

78. കംബുകണ്ഠി=സുന്ദരി. സംബളം=വഴിക്കോ. ശർമ്മം=സുഖം,

79. അവാപ്തൻ=ചെന്നവൻ. സുത——————ഗൻ=പഴുപ്പിച്ച സ്വ
ർണ്ണത്തിന്നു തുല്യമായ ശരീരശോഭയോടുകൂടിയവൻ.

80. സത്യബുദ്ധിമതാംവര്യൻ,
നിത്യധർമ്മപരായണൻ,
സത്യസന്ധൻ, മഹാനേശു—
ക്രിസ്തുദേവൻവിളങ്ങിനാൻ

81. കാലദേശങ്ങളില്ലാത്തൊ
രീശനാമേശുബാലകൻ
മൂലമാം മൂന്നിൽനിന്നൊരു
നാലാമൻഭൂലലാമകൻ

82. നീലനീരദകചാഭയും പുനർ
ബ്ബാലചന്ദ്രസമഫാലദേശവും
നീലപങ്കജചലൽപ്രകാശമാം
ലോലകേസരവിലാസ ചില്ലിയും.

83. നാലുലോകമതിലൊന്നുപോകമാ
ലോകരക്ഷണവിചക്ഷണേക്ഷണം
ചാലവേതിലസുമാഭവല്ലുമാ—
മേലുയർന്നതിരുനാസികാഭയും.

---

82. നീരദം=മേഘം. ഫാലം=നെററി. ലോലം=മനോഹരം. കേസരം=അല്ലി ചില്ലി=പുരികം.

83. വിചക്ഷണം=സാമർത്ഥ്യം ഈക്ഷണം=കണ്ണു (നോട്ടം.) തിലസുമം=എള്ളിൻപൂവ്.

84. ദാരകൻെറ വദനേന്ദുഭംഗിയും
സ്മേരവിസ്ഫുരിതദന്തപംക്തിയും
ചാരുബിംബമധരീകൃതാഭയിൽ
ചേരുമില്ലധരമാധുരീധുരി.

85. മഹാബാഹു, മഹാസ്കന്ധൻ
മഹോരസ്കൻ, മഹോന്നതൻ
മഹാ ലക്ഷണസമ്പന്നൻ,
മഹായേശു വിളങ്ങിനാൻ.

86. അനഭ്യസ്തനഭിജ്ഞൻ താ—
നവിതാഭ്രതസംയമി
അവനീമവനം ചെയ്വാൻ
യവനീസുതനായിപോൽ

---

84. വദനം=മുഖം. ഇന്ദു=ചന്ദ്രൻ. സ്മേരം=പുഞ്ചിരി. ദന്തം=പല്ല്. ചാരു=മനോഹരം. ബിംബം=തൊണ്ടിപ്പഴം അധരീകൃതം=സാരമില്ലാത്തതു അധരം=ചുണ്ടു. മാധുരീധുരി=മനോഹരാധിക്യം.

86. അനഭ്യസ്തൻ=അഭ്യസിക്കാത്തവൻ. അഭിജ്ഞൻ=ജ്ഞാനി. അവിതാഭ്രതം=എല്ലായ്പോഴും. സംയമി=യമനിയമത്തോടുകൂടിയവൻ അവനി=ഭൂമി അവനംചെയ്യുക=രക്ഷിക്കുക. യവനീസുതൻ=മറിയത്തിന്റെപുത്രൻ.

87\. യമനിയമവരിഷ്ഠം, സത്യവേദപ്രതിഷ്ഠം,
ധനനിചയബഹിഷ്ഠം, ധൎമ്മപുണ്യാഭിഹൃഷ്ടം,
മുനിമനസിനിവിഷ്ടം, സൎവ്വലോകേഗരിഷ്ഠം,
മമമനസിനിവിഷ്ടം, ദൈവതംതംഭജാമി.

88\. മാതാപിതാക്കളൊന്നിച്ചു
ചെന്നുചേൎന്നാ"യെറുശലെ"
വേദശാസ്ത്രങ്ങളും വാദിച്ചു
സൎവ്വജ്ഞൻവാണുമൂന്നുനാൾ.

89\. പന്തിരണ്ടു വയസ്സോളം
ശാന്തനായ്മാതൃസന്നിധൌ
ദാന്തനായ്വാണപോൽ തത്ര
സ്വാന്തസന്തോഷ വാരിധി.

---

87\. യമനിയമവരിഷ്ഠം=യമനിയമത്തിങ്കൽ നിഷ്ഠയോടുകൂടിയവൻ. ധനനിചയബഹിഷ്ഠം=ധനത്തിങ്കൽ ആഗ്രഹമില്ലാത്തവൻ, ധൎമ്മപുണ്യാഭിഹൃഷ്ടം=ധൎമ്മപുണ്യങ്ങളിൽ ഇഷ്ടത്തോടുകൂടിയവൻ. മുനിമനസിനിവിഷ്ടം=ഭക്തന്മാരുടെ മനസ്സിൽ സ്ഥിതിചെയ്യുന്നവൻ. സൎവ്വലോകേഗരിഷ്ഠൻ=എല്ലാലോകത്തിലും പൂജ്യൻ. മമമനസിനിവിഷ്ടം=എന്റെ മനസ്സിൽ സ്ഥിതിചെയ്യുന്നവൻ. ഭജാമി=വിചാരിക്കുന്നു.

89\. ദാന്തൻ=യമനിയമത്തോടുകൂടിയവൻ, സ്വാന്തം=മനസ്സ്.

90. ഏരുശലെമുനിമാരൊടൊത്തേകദാക്രുസ്തുദേവൻ
മരുകളിലധിവാസം ചെയ്തുപോൽത്യാഗിവര്യൻ
കലിമലിനജയശ്രീപൂരിതാശാംഗനാനാം
മലയജതിലകാഢ്യ ജ്ഞാനചർച്ചാംവിതന്വൻ.

91. ഹിമഗിരിതടദേശേഗഹ്വരേശൈലപട്ടേ
കുഹചന ഗിരിമൂർദ്ധ്നി പ്രത്യഹം തപ്തവാൻസഃ
രവികിരണസഹിഷ്ണുസ്തപ്തചാമീകരാഭൻ
സമകളെവിനയിച്ചാൻ യോഗി, യോഗീന്ദ്രവന്ദ്യൻ.

92. വനകരി, കിരി, സിംഹ, വ്യാഘ്ര, ഭല്ലൂകവൃന്ദ
പ്രചുരിതവനദേശേ സഞ്ചരന്നിണ്ടലെന്യേ
വനചരശബരാണാം സാധുസംഘാനനുഗൃഹ്ണൻ
ബഹുജനപരതുഷ്ട്യാ വാണുപോൽ ദേവദേവൻ

---

90. ഏകദാ = ഒരിക്കൽ. ത്യാഗി = വിരക്തൻ. കലി——— ചർച്ചാം = അജ്ഞാനമാകുന്ന അഴുക്കിനെക്കളഞ്ഞു ജ്ഞാനമാകുന്ന ചന്ദനക്കുറി ദിങ്ങ്നാരികളെത്തൊടുവിച്ചവൻ വിതന്വൻ = ചെയ്യുന്നവൻ.

91. ഗഹ്വരം = ഗുഹ. ശൈലപട്ടം = പാറപ്പുറം. കുഹചന = ചിലേടത്ത. ഗിരിമൂർദ്ധ്നി = പർവ്വതശിഖരം. പ്രത്യഹം = ദിനംപ്രതി. തപ്തവാൻ = തപസ്സുചെയ്തവൻ. രവികിരണം = സൂര്യരശ്മി. സഹിഷ്ണു = സഹിക്കും. തപ്തചാമീകരാഭൻ = ചുട്ടുപഴുപ്പിച്ചസ്വർണ്ണംവണ്ണം ശോഭകൂടിയവൻ. സമ = സംവത്സരം. നയിക്കുക = കഴിക്കുക.

92. വനകരി = കാട്ടാന. കിരി = പന്നി. ഭല്ലൂകം = കരടി. പ്രചുരിതം = സഞ്ചരിക്കപ്പെട്ടത. സഞ്ചരൻ = സഞ്ചരിക്കുന്നവൻ. വനചരശബരന്മാർ = കാട്ടിൽനടക്കുന്ന കാട്ടാളന്മാർ. അനുഗൃഹ്ണൻ = അനുഗ്രഹിച്ചവൻ.

93. വസന്തഹേമന്തശരത്സുവൃഷ്ട്യാ—
വടാന്തഭക്ത്യാ ശിശിരേ ച ഗ്രീഷ്മേ
വനാന്തരേവാഗ്ഗൃഹാന്തരേച
കൃതാന്തവൈരീവ പുരാതപസ്യൻ.

94. തനിയേതപസിസ്ഥിതനാ
വന ദേവത മാരയും
മനുജാതി ജനത്തെയു—
മനുഗ്രഹിച്ചോൻ മഹാമതി.

95. ധ്യാനേനദൈവത്തെനിത്യം ഹൃദയസരസിജസ്ഥാന
മദ്ധ്യേനിനച്ചാ—
സ്ഥാനേനാനാത്മസൃഷ്ടിസ്ഥിതിലയകരണംവാ
നവോർ മാനുഷർക്കും
ന്യൂനംന്യൂനാതിരേകം മുനിജനമനസാം ജ്ഞാ
നദൃഷ്ടംത്വനന്തം
ജ്ഞാനാനന്ദസ്വരൂപംത്വനുഭവവിധിയിൽ
ധ്യാനയോഗംതുടർന്നാൻ.

---

93. ആറൃതുക്കളിലും വ്യത്യാസംകൂടാതെ വനത്തിൽ ശിവനെപ്പോലെ തപസ്സുചെയ്തു.

94. തപസിസ്ഥിതനാം=തപസ്സുചെയ്തുകൊണ്ടു.

95. നാനാത്മം=പലമാതിരി. സൃഷ്ടിസ്ഥിതിലയകരണം=സൃഷ്ടിയും രക്ഷയുംനാശവും. ന്യൂനം=ഊനം. ന്യൂനാതിരേകം=പൂർണ്ണമായ.

96. ധ്യാനേമൌനംവഹിച്ചത്തനുതടിതനിയേ കാനനാ
ന്തേസയോഗീ
പാനീയംചോപഭുക്തൌ നഹി നഹി ഭജനേ
ജേമനംതേമനംച
കാനീനൻദീനമെന്ന്യേ തപനരുചിയതിൽ തപ്ത
നായിത്തപസ്സ്യൻ
ജ്ഞാനാനന്ദേലയിപ്പാൻ വരമരുളീടുമദ്ധ്യാ
നയോഗം തുടർന്നാൻ.

97. തപസ്തപ്ത്വാതീവ്രംസഖലുഹൃദയേമോദി
തമനാ:
പുരസ്സാക്ഷാൽകൃത്വാ ജഗദധിപതിംദേ
വമചിരാൽ
വിനീതാത്മാപാദേനതിനതിനിഷേവാ
വിരചയൻ
വരം ലബ്ധ്വാഹൃഷ്ടോ പുനരപിവനേ
വാണതപസാ.

---

96. പാനീയം=വെള്ളം. ഭുക്തി=ഭക്ഷണം. ജേമനം=അന്നം. കനീന
ൻ=കന്യകാപുത്രൻ. തപനരുചി=സൂര്യപ്രഭ.

97. അവൻ (ക്രിസ്തുദേവൻ) കഠിനമായതപസ്സുചെയ്തു് ദൈവത്തെപ്രത്യ
ക്ഷമാക്കി വരംവാങ്ങിയതിന്നു ശേഷം വീണ്ടും അവിടത്തന്നെ
തപോനിഷ്ഠയിൽ വസിച്ചു.

98. സത്യം, ശുദ്ധം, വിബുദ്ധം പരപദമനിശം ചിത്ത
പത്മേ നിനച്ചി
ട്ടത്യാനന്ദാമൃതാബ്ധൌ മുഴുകി വിവശനായ് ക്രി
സ്തുദേവൻ മുനീന്ദ്രൻ
സത്യശ്രുത്യർത്ഥസാരം വിധികൃതമമൃതം ദൈവതോ
പി ശ്രവിച്ചു
ശ്ശിഷ്യന്മാരിൽ പ്രദാനം നിഖിലജനമുദേ
മോക്ഷസിദ്ധ്യർത്ഥമോർത്താൻ.

99. ചാർവ്വാകരായിമരുവുന്നൊരു മാനുഷർക്കു
ദുർവ്വാരമോദമിയലുന്ന മതപ്രസംഗം
കുർവ്വാണനായഖിലസജ്ജനഹൃത്തടാന്തേ
നിർവ്വാണമേകി തപസി സ്ഥിതനായി നാഥൻ.

---

98. സത്യശ്രുത്യർത്ഥസാരം=സത്യവേദത്തിൻെറ താല്പര്യം. ദൈവതോപി=ദൈവത്തിങ്കൽനിന്നു. ശ്രവിക്കുക=കേൾക്കുക. പ്രദാനം=ദാനംചെയ്യുവാൻ. നിഖിലജനമുദെ=സർവ്വജനങ്ങളുടെയും സന്തോഷത്തിന്നായികൊണ്ടു.

99. ചാർവ്വാകർ=നാസ്തികന്മാർ. ദുർവ്വാരമോദം=വർദ്ധിച്ചസന്തോഷം. കുർവ്വാണൻ=ചെയ്യുന്നവൻ. നിർവ്വാണം=മോക്ഷം

100. അംഭോധിതന്റെ തിരമാലകളെന്നപോലെ
ദംഭോളിയൊത്തനിജ വാക്കുകളേററ മേററ്
അമ്പോ! മഹാവിമതരായവരാകമാന
"മംഭസ്സിലാശുമുഴുകി" പരിശുദ്ധിനേടി.

101. നരകവികൃതദേശം നാരകീയർക്കുനൽകി
ക്കരുണകലരുമീശൻ കൃസ്തുവാകും മുനീന്ദ്രൻ
ഗിരിവനതടദേശേ സൽപ്രസംഗം നടത്തി
ച്ചരമഗതി നിനച്ചുദ്യാന യോഗേന വാണാൻ

102. സഹനശക്തിതികഞ്ഞൊരു ദൈവമീ
പുരുഷരത്നമലങ്കരണം ഭുവ:
ഇതിനുനതിസ്തുതി ചെയ്തു മഹാജനം
പരമഭക്തിയമൂർത്തിമഹേശ്വരം

---

100. അംഭോധി=സമുദ്രം. ദംഭോളി=വജ്രം. വിമതർ=ശത്രുക്കൾ. അംഭസ്സിലാശുമുഴുകി=ജ്ഞാനസ്നാനംചെയ്തു.

101. നരകവികൃതദേശം=സ്വർഗ്ഗം. നാരകീയർ=പാപികൾ. ചരമഗതി=അവസാനകാലം.

102. സഹനശക്തി=ക്ഷമ. അലങ്കാരണം ഭുവ=ഭൂമിക്ക ആഭരണമായുള്ളു. നതി=നമസ്കാരം.

103. സൂറിയയാംക്ഷിതിയിൽ ജജനിജ്ഞട്ടസൌ
മറിയതൻ സുതനെങ്കിലു മങ്ങിനെ
അറിയുവാൻ പണിയുണ്ടിവനീ നൂണ്ടാം
നിറയുമക്കലെ ദൈവതമായ് വരും

104. പലററിലോർത്തീടുക കൃസ്തുദേവനെ
കലിററസാരതരാനെ യമത്തുകൊള്ളുവോൻ
പലററിൽ ചൂഴററ സമസ്ത തൃക്കളെ
കലോറു കീലേററു വിശുദ്ധരാക്കുവോൻ

105. അഥമുനിജനമന്യാം സ്ഫേതരാംസ്ചാനുഗൃഹ്
ഗിരിവനതടദിഗ്ഭൃസ്സഞ്ചരൻ പശ്ചിമാശാം (ണ്ണൻ
പ്രവിവിശുരപരാഹ്നാഹസ്കരപ്രഖ്യനായി
ട്ടഖിലജന ഹൃദന്തപ്പങ്കജേദ്യോതിവാൻസ.

---

103. ജനിജ്ഞട്ട്=ജനിച്ചവൻ. അസൌ=ഇവൻ (കൃസ്തു)

104. പലററിൽ=മനസ്സിൽ.

105. അഥ———ഗൃഹ്ണൻ=പിന്നീട്ടു മുനിജനങ്ങളേയും മററും അനുഗ്രഹിച്ച്. ഗിരി———ഞ്ചരൻ=പർവ്വ. വനപ്രദേശങ്ങളിൽ സഞ്ചരിച്ചു. പശ്ചിമാശാം=പടിഞ്ഞാറെദിക്കിൽ. പ്രവിവിശു=പ്രാപിച്ചവനായി. അപരാഹ്നാഹസ്കരൻ=അസ്തമനാദിത്യൻ. പ്രഖ്യൻ=തുല്യൻ. ദ്യോതിവാൻസ=ശോഭിക്കപ്പെട്ടവൻ.

106. അപ്പോസ്തോല വരിഷ്ഠരണ്ടു പുരുഷന്മാരുമഞ്ചാ
യ്യായിരം
കല്പിയ്ക്കുന്നൊരു വേദതത്വമറിവാനെത്തൊര
വസ്ഥാന്തരേ
ചൊൽപ്പൊങ്ങുന്നൊരു മിക്കവിട്ടു മരുഭൂവിങ്കൽ
ക്ഷുധാതപ്തരായ്
കെല്പേറുന്നൊരു സൽപ്പുമാന്റെ പദയോർ വ
ന്ദിച്ചു നിന്നാരവർ

107. പഞ്ചത്വംവരുമെന്നു തോന്നുമവരെ കണ്ടിട്ടുചോ
ദിച്ചപോൽ
നെഞ്ചിൽ ചഞ്ചലമെന്തിയേ കരുതലേയെന്താ
ണു ഭോജ്യംന്ത്വയെ!
അഞ്ചപ്പത്തിനു വെഞ്ജനാർത്ഥമയിമോ! രണ്ടാണു
വൈസാരിണം
കിഞ്ചിൽ ഭക്ഷണ മേകവാൻ പണിതുലോം അ
ഞ്ചായിരം ഞങ്ങളിൽ

---

106. വരിഷ്ഠർ=ശ്രേഷ്ഠന്മാർ. ക്ഷുതാതപ്തർ=വിശപ്പുകൊണ്ടുവലഞ്ഞവർ.

107. പഞ്ചത്വം=നാശം. ഭോജ്യം=ഭക്ഷണപദാർത്ഥം. വെഞ്ജനം=
കറി. വൈസാരിണം=മൽസ്യം.

108. അഞ്ചപ്പവും മീനമെടുത്തുദേവൻ
നെഞ്ചിൽ കനിഞ്ഞൊന്നു കൊടുത്തനേരം
അഞ്ചായിരം തൃക്കൊംഭുജിച്ചുതിന്നി—
ട്ടഞ്ചായിരത്തിൽ പരമാവശേഷം.

109. അപ്പത്തിൻ കഥയെന്തഹോ! പറകിലൊന്നല്ലേ
തരാശ്ചര്യമോ?
തുപ്പാൽ കണ്ണറ്റതെളിഞ്ഞുപോയ് കരുടരും ചാത്യ
ത്ഭുതാത്ഭുതം!
അല്പായുസ്സുകൾരിഷ്ടമാന്റ, കുഴിയിൽ പെട്ടോരെ
ഴുന്നേററതും
മുപ്പാരൊക്കെ സൃജിക്കുമോന്റെ മഹിമാവല്പം
ഗണിക്കാവതോ?

110. വിശുദ്ധപത്രോസു വിശുദ്ധതോമസൻ
പ്രസിദ്ധിയേറുന്ന സുശിഷ്യരൊത്തുടൻ
വിശുദ്ധദേവൻ പരിശുദ്ധിചേർക്കുവാൻ
സപത്നജിൽ സ്ഥാപനമൊന്നുറച്ചതെ.

---

109. രിഷ്ടം=മരണം. സൃജിക്ക-ഉണ്ടാക്കുക. ഗണിക്ക=കണക്കാക്കുക.

110. സപത്നജിൽ=വിരോധികളെ ജയിച്ചവൻ.

111. ദിവ്യത്വം പൂണ്ടഭ്രാമ്യ ദിശിദിശി സുചരന്നേശുവാം
ക്രിസ്തുദേവൻ
നിർവ്യാജം വേദതത്വം ശ്രുതിപഥസുഗമം സ്വർഗ്ഗ
സോപാനമാർഗ്ഗം
ഭവ്യന്മാരാം യഹൂദാത്മ്യബലനാംജന ശ്രേണിനി ശ്രേ
യസാഢ്യം
സേവ്യം സുശ്രാവ്യസാരം കൃതമതിരകരോൽസ്ഥാപ
നം സൽഭ്യരൽഭി:

112. അജ്ഞാനിനമസുലഭാം മഹനീയ പുണ്യ
ജിജ്ഞാസു താമധികൃതാം സുവിശേഷ സാക്ഷ്യം
പ്രജ്ഞാപരാധ വധിനിഷ്കൃതി നിശ്ചയാഢ്യം
സുജ്ഞാന സുസ്ഥനകർമ്മമഥാനുചക്രേ

---

111. ദിശിദിശി=ദിക്കുകൾതോറും. സുചരൻ സഞ്ചാരി. സുഗമം= എളുപ്പം. സ്വർഗ്ഗസോപാനം സ്വർഗ്ഗത്തിലേക്കുള്ള ചവിട്ടുപടി. ശ്രേണി കൂട്ടം. നിശ്രേയസം-മോക്ഷം. സേവ്യം-സേവിക്കപ്പെടേണ്ടതു. സുശ്രാവ്യസാരം കേൾപ്പാൻ യോഗ്യമായതു. കൃതമതി-നിശ്ചിതബുദ്ധി. അകരോൽ ചെയ്തു. സ്ഥാപനം-ക്കാനസ്ഥാനം. സൽഭ്യ-സജ്ജനങ്ങൾ. അൽഭി=ജലം.

112. അജ്ഞാനി മൂഢൻ. അസുലഭം ദുർല്ലഭ. ജിജ്ഞാസു-അറിവാൻ ആഗ്രഹിക്കുന്നവൻ. അധികൃതം അധികരിക്കപ്പെട്ടതു. പ്രജ്ഞാ—യാഢ്യം മഹാപാപങ്ങൾക്കുള്ള പ്രായശ്ചിത്തങ്ങളിൽ ശ്രേഷ്ഠമായിട്ടുള്ളതു. അനുചക്രേ ചെയ്തു.

113. ലോകാനുഗ്രഹകാരിയായ് മിശിഹയും ലോകേ
ചരിക്കും വിധൌ
ശോകാരിഷ്ട ഗ ര ഷ്ട കഷ്ട കുരുട കൂട്ടത്തെ ഹാ
ദ്വേഷ്ടവാൻ
നാകാധിക്യ ഗുണങ്ങൾചേർന്നൊരു മഹാദേവൻ
കനിഞ്ഞേററവും
രോഗാധിക്യശരീരദുഷ്ടികൾ കൊടുത്താനെന്തൊ
രത്യത്ഭുതം!

114. ലാസർ സോദരി കരഞ്ഞലഞ്ഞു ഹാ!
ലാസർതൻെറ മരണാർത്തി ചൊല്ലിനാൾ
യേശുദേവനതു കേട്ടു തുഷ്ടനായ്
പേശലാംഗി!തവരോദനം വൃഥാ

115. ലാസറിഷ്ട സഖിയായ കാരണം
ക്രൂസലെന്നിയെ വിളിച്ചു ദേവനും
ഹാസമാർന്നവിടെ വന്നമൃത്തിനാൻ
ലാസഭാവമതു കണ്ടുതുഷ്ടനായ്

116. ഇരുത്തിവെച്ചേറെ മഹത്സമാജേ
നിരത്തിപാത്രങ്ങളസംഖ്യമായി
ചരക്കെന്നായി വിരുന്നനൾകി
യൊരപ്പവും, വീഞ്ഞു ജലത്തിനാലും

117. ഗാംഭീര്യോർമ്മിഭീഷണമുദധിം സാഹാവ്യ
ഡാംഭിരധീ
ര ബന്നേശ്വരമാനഷോസ്മൃഹ മഹംഭാവേനസൗ
ഡാംഭികൻ
അംഭോരാശിയിലങ്ങിറങ്ങി മുകളിൽക്കൂടേ നടക്കും
വിധൌ
ഗംഭീരാരവമോളവും ചുഴികളും സ്തംഭിച്ചു
പോലഞ്ജസാ.

118. ലോകപാലക മഹത്വമോത്തമാ—
ലാഹമാർ ഹൃദിയിലേന്തി വിസ്മയം
നാകമല്ലഖില ലോകവും സദാ-
ലോകപാലനടെ കയ്യിലല്ലയോ

119. സർഗ്ഗതാരക ഭേദങ്ങൾ
സർഗ്ഗലീലാ വകുപ്പുകൾ
സർഗ്ഗവീസർഗ്ഗ സന്മാർഗ്ഗ
ദീർഘദർശന മോതിനാൻ

---

117. ഗാംഭീ——ദധിം=ഭയങ്കരമായ തിരമാലകളോടു കൂടിയ സമുദ്രം. അഹം——ഭാവേന=ഞാൻ അഹംരക്ഷനാണെന്നുള്ള ഭാവത്തോടുകൂടി. അഞ്ജസാ=അപ്പോൾ.

119. സർഗ്ഗ——ദർശനം=സൃഷ്ടിലീലകളായ കർമ്മങ്ങളും ദീർഘദർശനവും.

120. പത്തുപാപങ്ങളും നിത്യ
മൂൎത്താരികൾ നന്നകണം
കഥനം ചെയ്തിട്ടും ബൈബിളാം
വിസ്തരിച്ചറിയാമതിൽ

121. ധൎമ്മപുണ്യങ്ങളും പിന്നെ
സന്യാസാശ്രമമെന്നിവ
നന്മതിന്മകളിത്യാദി
കന്യകാസുതനോതിനാൻ

122. സ്വധൎമ്മധൎമ്മങ്ങൾ വിധിച്ചു ദേവനും
സുധൎമ്മയിൽ ചെന്നു സുഖേന വാഴുവാൻ
വികൎമ്മമെല്ലാം നരകത്തിനായ് വരും
ഇതോൎമ്മവെച്ചിൻ മനുജാതരൊക്കയും

123. മനുഷ്യജന്മത്തെ വഹിച്ചദേവൻ
കരിഷ്യമാണൻ സ്വപനാദികൎമ്മം
പ്രഹൃഷ്യമാണൻ മൃതിയേന്തിനച്ചു
സുശിഷ്യരോടൊത്തു ഗമിച്ചുവേഗാൽ

---

120. കഥനം ചെയ്ക-പറയുക.

122. സുധൎമ്മ സ്വൎഗ്ഗം വികൎമ്മം=പാപകൎമ്മം.

123. കരിഷ്യമാണൻ=ചെയ്യപ്പെട്ടവൻ. പ്രഹൃഷ്യമാണൻ=സന്തുഷ്ടൻ
മൃതി=മരണം

124. ബുദ്ധശങ്കരമഹമ്മദാദികൾ
സിദ്ധയോഗിവരരെങ്കിലും ഭുവി
ബുദ്ധിപൂർവ്വമകതാരിലോർക്കിലീ
സിദ്ധനോടുശരിയായ് വരാൻപണി.

125. വിസ്തരിച്ചു പറയുന്നതെന്തഹൊ!
ക്രിസ്തുദേവ മഹനീയവിഗ്രഹം
മർത്ത്യലോക പരിശുദ്ധി ചെയ്‌വാൻ
തത്തടിതന്നെ ബലിക്കരച്ചുപോൽ.

126. "പേസഹ" പെരുനാളിങ്കൽ
ക്രൂസൽകൂടാതെചെന്നവൻ
നാശമേശിട്ടവാനോർത്തു
ഹാസമാന മുഖാംബുജൻ

127. ശത്രു മിത്രങ്ങളില്ലാത്ത
ക്രിസ്തുദേവൻ മഹാമതി
അത്താഴമുണ്ടതിൻ ശേഷം
വൃത്താന്തമുരചെയ്തു പോൽ

126. ഹാസമാനമുഖം=പുഞ്ചിരികളിയാടുന്നമുഖം.

128. അമാനുഷൻ ഞാനറിവിൻ ശിഷ്യരെ!
പ്രമാദമൊന്നും നിനയ്ക്കമാനസെ
ഈ മാനുഷീവേഷമുപേക്ഷ്യ. പിന്നെയോ
സ്വർഗ്ഗമയിവാൻ പിന്നെ സുമാനുഷോസ്മ്യഹം

129. ഇത്ഥം പറഞ്ഞതവിടെ നിന്നു ഗമിച്ചു ദേവൻ
സിദ്ധൻ മുനിവ്രതധരൻ വിപിനാന്തരത്തിൽ
ധ്യാത്വാ മഹേശ്വരപദം വിധിവൽ പ്രണമ്യ
പ്രത്യുജ്ജഗാമ വിപിനാന്തരതഃ ക്ഷപായാം

130. പിറേറദിനം യഹൂദന്മാർ
ഒററിക്കാണിച്ച ദേവനെ
കുററമൊന്നുമുരയ്ക്കാതെ
പററലർ പിടികൂടിനാർ.

---

128. അമാനുഷൻ=ദൈവം. പ്രമാദം=തെററ്. മാനുഷീവേഷം=മനുഷ്യരൂപം. ഉപേക്ഷ്യ=ഉപേക്ഷിച്ചിട്ടു. സ്വർഗ്ഗമയിവാൻ=സ്വർഗ്ഗത്തെ പ്രാപിച്ചവൻ. സുമാനുഷൻ=നല്ല മനുഷ്യൻ. അസ്മി=ഭവിക്കുന്നു. അഹം=ഞാൻ.

129. ധ്യാത്വാമഹേശ്വരപദം=ഈശ്വരനെ ധ്യാനിച്ചിട്ടു. വിധിവൽ=വഴിപോലെ. പ്രണമ്യ=നമസ്കരിച്ചിട്ടു. പ്രത്യുജ്ജഗാമ=മടങ്ങിവന്നവൻ, വിപിനാന്തരതഃ=കാട്ടിൽനിന്നു. ക്ഷപായാം=രാത്രിയിൽ.

130. പററലർ=ശത്രുക്കൾ.

131. മഹാമഹിമ്നോ മഹിമാനമോർത്താൽ
മഹേശ്വരൻ കൈസർ വിധിച്ചതല്ല
യഹൂദമൂഢർക്ക് പിടിച്ചുകെട്ടാൻ
മഹാമതസ്സന്റെ മനസ്സുതന്നെ.

132. പിടിച്ചുകെട്ടി ട്ടടിചെയ്തതോർത്താൽ
തടിച്ചദേഹത്തിൽ വിളങ്ങുമീശൻ
ഘടസ്ഥിതാകാശവദപ്രമേയൻ
ഘടംനശിച്ചാലതിനെന്തു നാശം!

132. മഹാമഹാപാപ വിമോചനാർത്ഥമായ്
ത്രിലോകസേവ്യൻ ഭജനീയനീശ്വരൻ
യഹൂദമൂഢർക്ക് പിടിച്ചിടാവതോ
മഹേശുവാം തന്റെമനസ്സതെന്നിയെ

---

131. മഹാമനസ്സൻ=പരിശുദ്ധാത്മാവു.

112. ഘടസ്ഥിതാകാശം=കടത്തിൽകാണുന്ന ആകാശം. അപ്രമേയൻ=വിചാരിക്കവല്ലാത്ത മാഹാത്മ്യത്തോടുകൂടിയവൻ.

133. ത്രിലോകസേവ്യൻ=മൂന്നുലോകങ്ങളും സേവിക്കുന്നവൻ. ഭജനീയൻ=ഭജിക്കപ്പെടേണ്ടവൻ.

134. അന്ത മാദിയു മില്ലാത്തൊ—
രന്തരീക്ഷത്തി നൊത്തവൻ
കന്തംകൊണ്ടു കതിച്ചെന്നാൽ
സന്തതാനന്ദനെന്തഹോ!

135. എബ്രായ, ലത്തി, സുറിയാനി, ശ്രുതിപ്രതീക്ഷ-
മബ്രാഹ, മാദ, മിവർതൻ ചരിത പ്രസിദ്ധം
അഭ്രേ മമത്ഭുത പുരാതനചാരുദേശം
വിഭ്രാന്തനായ് ത്രിഭുവനത്തെ വഹിച്ചിടുന്നോൻ

136. പ്രകൃതിക്കു വശംചേർന്ന—
വികൃതികാട്ടു വോനിവൻ
കുസൃതിക്കാർ യഹൂദന്മാർ
"കുരിശിച്ചു" കബന്ധികൾ.

127. അരുണകിരണജാലം മങ്ങിമങ്ങിത്തുടങ്ങി
ഗ്രഹണസമയവേളാ ചന്തരീക്ഷാന്തരേസ്ഥിൻ
മരണവിഹിതകാലേ ലോകമെല്ലാംനടുങ്ങി
പെരിയൊരിരുൾ നിറഞ്ഞു ലോകമന്നാകമാനം

---

134. അന്തരീക്ഷം=ആകാശം. സന്തതാനന്ദൻ=എപ്പോഴും ആനന്ദത്തോടു കൂടിയവൻ.

136. വികൃതി=നാനാതപം. കബന്ധികൾ=ദുഷ്ടന്മാർ.

138. വേദവാദികാംയഹൂദരേററവും
ഭീതിപൂണ്ടവിടെനിന്നു മണ്ടിനാർ
മോദമാർന്നഖില നാഥനീശ്വരൻ
ജ്യോതിവാൻ ദിവിവിളങ്ങിപൂൎവ്വവൽ

139. എന്നുംനില്ക്കട്ടെ ദേവന്റെ
പുണ്യസൃഗ്ദരധാരിയായ്
വിണ്ണിലേക്കു ഗമിപ്പോർക്കു—
മന്നിലിസ്സുകൃതത്തരു.

140. സ്വർല്ലോകതരുവാണോർത്താൽ
കല്ല്യാണം നാംകവാൻ ഭുവി.
അല്ലേശുവരവുംപാർത്തി—
ട്ടല്ലേനിന്നാളു മിത്രനാം

141 തരുണീമണിയാം മാതാ
തരസാചെന്നു കണ്ടപോൾ
മരണം വന്ന പുത്രന്റെ
ചരണാദി മുഖക്ഷതം.

---

139. അസൃഗ്ദരം=ചോരയൊലിക്കൽ.

140. സ്വർല്ലോകതരു=സ്വർഗ്ഗവൃക്ഷം.

141. ക്ഷതം=മുറിവ്.

142. പെററവൻതന്നെ നോക്കീട്ടു
കററക്കാർ കഴലീമണി
നെററി മേലാണി കണ്ടിട്ടു
ഇററിററീടുന്നു കണ്ണുനീർ.

143. മാറത്തേറുന്ന താപത്താൽ
മാറത്തൊന്നേറെ നോക്കിനാൾ
കൂർത്തുമുള്ളാരാണി കണ്ടിട്ടു
പേർത്തും താഡിച്ചു മാർത്തടെ

144. കരത്തെന്നീട്ടിട്ടു മരത്തിനൊർത്തുടൻ
തരത്തിലാക്കീട്ടു കരത്തിലാണികൾ
പരത്തിവെച്ചേറെ തറച്ചതോർത്തഹാ!
മരത്തിൽ മൂലത്തിലുരുണ്ടു കേണരതെ,

145. ഊരുദ്വയം ജാനുയുഗ്മജംഘേ
പാദങ്ങളും ദാരുതടിക്കുചേർത്ത്
കീലങ്ങളോരോന്നു തറച്ചതോത്ത —
ച്ചോരപ്രവാഹത്തെ നിനച്ചുകേണാൾ

---

143. പേർത്തും=പിന്നേയുംപിന്നേയും.

145. ഊരു-തുട. ദ്വയം=രണ്ടു. ജാനു=മുട്ട്. ജംഘ-കണങ്കാല്. ദാരു=
മരം. കീലങ്ങൾ=ആണികൾ.

146. കലയ്ക്കും കലയാം കേൾവി
കലചെയ്യരു മില്ലനീ
കലയിൽ പരമെന്തുള്ളൂ
തലയ്ക്കേന്തിന്നു മൂൾമുടി.

147. മന്നാകെപ്പുകൾ പൊങ്ങ് ട്ടം തിരുസഭാതിണ്ണന്നു
പാലിച്ചുടൻ
വിണ്ണോർനായകകല്പനയ്ക്കനുസരൻ മണ്ണായദേഹം
ത്യജൻ
വിണ്ണോർനാട്ടിൽ വസിക്കുവാൻ കൃതധിയായ്
പുണ്യാംബുധിമഗ്നനീ-
വണ്ണംപൊയ് ത്രിദിവംഗമിച്ചതുണ്ടിനച്ചുൽത്താരു
കത്തുന്നമെ.

148. വണ്ണിപ്പാനരുതാത്ത സൽഗ്ഗുണഗണം മന്നിൽചര
ത്തിമഹാ—
നെന്നുണ്ണിയ്ക്കും സമാനനായൊരുവനീ മണ്ണിൽ
പിറന്നാനതൊ

---

147. വിണ്ണോർനായകൻ=സ്വർഗ്ഗനാഥൻ. കൃതധി=നിശ്ചിതബുദ്ധി. മഗ്നൻ=മുങ്ങിയവൻ. ത്രിദിവം=സ്വർഗ്ഗം.

മണ്ണാകെ പ്രചരിച്ച പുണ്യനിചയപ്പൂരന്തുഹാ
ദൈവമേ!
വിണ്ണോർനാട്ടിനു പോയതോർത്തധികമായുരം
ത്താരു കത്തുന്നമ്മേ

149. കഷ്ടപ്പെട്ടു ദിനംകഴിച്ചു ജനനാൽ ജാത്യാന്ധരാം
മർത്ത്യരിൽ
പുഷ്ടശ്രീ കലരുന്ന കൺമണികളെ സൃഷ്ടിച്ചു
നൽകീടുവാൻ
രിഷ്ടംവന്നു ചേർച്ചവർക്കു തരമായ് വന്നീടിലാ
ത്മാവിനെ
സൃഷ്ടിച്ചേകിടുമെൻ മകന്റെ കഥയോർത്തുരം
ത്താരു കത്തുന്നമ്മെ.

150. ഹാഹാ!നിനയ്ക്കും പൊഴുതാത്മജന്മാ—
ഹാഹേതിവാവിട്ടു കരഞ്ഞുകൊണ്ടാം
ഓഹോ!മദീയാത്മജനല്ല“വാവാ
രുഹാശ,,മദ്ധ്യസ്ഥിതനാത്മജന്മെ.

---

148. നിചയം=കൂട്ടം വിണ്ണോർനാട്=സ്വർഗ്ഗം.

149. ജാത്യാന്ധർ=ജന്മനാകുരുടന്മാർ, രിഷ്ടം=മരണം.

151. സുതനദേവി കരഞ്ഞു പറഞ്ഞുപോയ്
കദനബാധയകററി മഹേശനിൽ
അതനുവാണിവനെന്നുമുറയ്ക്കയാൽ
ജനിമൃതിക്കൊഴിവായ് സുതനേയവൾ

152. പുത്രകിന്നുപിതൃപുത്രനല്ലനീ
അത്രകേൾ ജനനി പുത്രനില്ലടോ
പുത്ര'നീദിവിചപുത്ര!ഹേമയീ
പുത്ര;ത്രിതനുനൊ!വൃത്ഥമെൻവ്യഥ

153. അടക്കിദുഃഖത്തെ യഹൂദനന്ദിനി
മടക്കികാൽകുത്തി വിയത്തിൽ നോക്കി
കുടത്തഭക്ത്യാ ദിവി ചേർന്നപുത്രനെ
അടുത്തുകാണാമിതിയോർത്തുപോയിതെ

---

151. കദനം=ദുഃഖം. അതനു=അരൂപി.

152. ദിവിചപുത്രൻ=സ്വർഗ്ഗപുത്രൻ. മയീപുത്രൻ=എന്റെമകൻ. ത്രിതനു=ത്രിമൂർത്തികളിൽഒരുവൻ. വൃത്ഥം=വെറുതേ. വ്യഥ=ദുഃഖം.

154. അനന്തരം യേശു ശവശരീരം
തന്നേരെ ദുഷ്ടയഹൂദരൊത്തു
ഹൃദന്തരാളേ ച സതാം പ്രതിഷ്ഠം
ഭൂവോന്തരാളേ ദിവി ച പ്രതിഷ്ഠാ

155. വിണ്ണിൽനിന്നിട്ടു മൂന്നാം നാളം
മണ്ണിലെത്തിസ്സ ജീവനായ്
തിണ്ണം ശവകുടീരത്തിൽ
നിന്നുയർന്നാൻ മഹാത്ഭുതം

156. ഉരസിജഭുജയുഗ്മേ പാദയോർ വാലലാടേ
ഖലജനകൃതകീലാൻ ഭൂരിരക്തസ്യന്ദാൻ
സ്ഖലിതശവകുടീരാച്ഛീഘ്രമുൽപ്ലുത്യ തിഷ്ഠൻ
സപദി "ഗലിലി"യാം കണ്ടുകൊണ്ടിടി ഭക്തർ

---

154. അനന്തരം=പിന്നീടു. തദനാരെ=ആ അവസരത്തിൽ. ഹൃദന്തരാളെ=മനസ്സിൽ. സതാം=ഭക്തന്മാർ. ഭൂവോന്തരാളെ=ഭൂമിയുടെ അടിയിൽ. ദിവി-സ്വർഗ്ഗത്തിൽ.

156. ഖല----ദുഷ്ടന്മാരാൽ തറക്കപ്പെട്ട ആണികളെ രക്കളെഞ്ഞി. സ്ഖലിത--ൽ-ശവക്കുഴിയിൽനിന്നു. ശീഘ്രമുൽപ്ലുത്യ തിഷ്ഠൻ=വേഗത്തിൽ എഴുന്നേറ്റു നിന്നിട്ടു. സപദി-പെട്ടന്നവെ.

157. യാക്കോബാം മഹികയായിട്ടം ഫറിയാവും മഗ്ദലേ
നാ ഥമറിയും
ഉൾക്കാമ്പിൽ പ്രിയമേറുമ ദു കണ്ണുകാൽ തൂക്കാൽ
ക്കുമെഴുത്തിട്ടിനാർ
തൂക്കിക്കൊന്നോരവസ്ഥയേ ഞ്ഞു തിരുമെയ്നോക്കി
പ്രിയപ്പെട്ടവ
ർക്കാംക്കാമ്പിൽ കൃപയാലെ മോക്ഷമരുളിപ്പോ
യ്ക്കാൾവിനെന്നോതിനാൻ

158. ചേതോഹരാംഗൻ മഹനീയശീലൻ
മാതാവിനെച്ചെന്നു നമിച്ചു വേഗാൽ
പാതാള ലോകത്തിൽ ഗമിച്ചു പിന്നെ
സ്വാതേയ ലോകത്തിനു യാത്രയായി.

159. "ഗസ്രസ്സിൽ" ജ്ജാതനായിത്തിരുവടരത്തടിയെ
ക്രൂശിലേറ്റിച്ചപ്പിന്നീ
ടസ്രസ്രാ വോസ്രപ്പു ഞ്ഞെവ്രജ്ഞിനമപരുടൻ
ഹസ്രപൈശാചികാഢ്യം

---

15 . സ്വാതേയലോകം = സ്വാതേവയുള്ള ലോകം.

159. അസ്ര– കാഢ്യം = പിശാചിനാൽ ചെയ്യപ്പെട്ട പാപത്തെ രക്ത സമൂഹത്താൽ നശിപ്പിച്ചവൻ.

വിസ്രംഭാർത്ഥം ഹി നൃണാം മൃതതനുമുപജീവ്യേശു
ദേവൻ മഹാത്മാ
പ്രോത്സാഹത്തോടു കൂടി കതിപയ ദിവസാൻ
വാൺ സ്വർഗ്ഗം ഗമിച്ചാൻ

160. ഏത്തിൽ സൌഹാർദ്ദമാർന്നീത്രിഭുവന പതിയാം
ക്രിസ്തുദേവൻ മഹാത്മാ
പൃഥ്വീചക്രേ ജനിച്ചിട്ടഖിലജനമുദേ സത്യമേ
ദാർത്ഥസാരം
മത്തായ്, പത്രോസു, തോമാസ്സനനയവിദുരന്മാ
രിലർപ്പിച്ചുനന്നായ്
മൽതത്വം നിങ്ങൾ നാനാജനമനസിധരിപ്പിക്ക
കെന്നായ് പറഞ്ഞു.

---

വിസ്രം——നൃണാം=മനുഷ്യരുടെ വിശ്വാസത്തിന്നായിക്കൊണ്ടു.
മൃത——ജീവ്യ=മരിച്ചു വീണ്ടും ജീവിച്ചിട്ടു്. കതിപയദിവസാൻ=കുറേനാൾ.

160. സൌഹാർദ്ദം=സ്നേഹം. അനനയ വിദ്ദുരന്മാർ=നീതിമാന്മാരായ വിദ്വാന്മാർ.

161. ത്രിത്വകൻ ക്രിസ്തുവാം ദേവൻ
മർത്ത്യവേഷമെടുത്തുടൻ
ദ്വാത്രിംശാബ്ദമിരുന്നിട്ടു
ഗാത്രത്തോടു ദിവംയയൌ

162. ആദം,ഹവ്വപിഴയാം കുഴപ്പവും
ദൈവകോപ"പറുദീസ,,നഷ്ടവും
മേദുരാസുരഭുജംഗപൈശുനം
മേദിനീതടെ പുരാതനം നഹി.

163. ലോകാന്തരാന്തർദ്ധിതനായദേവൻ
നാകാന്തരാന്തർസ്ഥിതനായതോർത്തു
ഏകാന്തഭക്ത്യാ സ്തുതി ചെയ്തു നിത്യം
ശോകംവിനാവാണു ദിവംഗമിപ്പിൻ

---

161. ത്രിത്വകൻ=സ്വർഗ്ഗപുത്രൻ. ദ്വാത്രിംശാബ്ദം=മുപ്പത്തിരണ്ടുകൊല്ലം. ഗാത്രം=ശരീരം. ദിവംയയൌ=സ്വർഗ്ഗത്തെപ്രാപിച്ചു.

162. മേദു——ശുനം=ഭയങ്കരനായ പിശാചിന്റെയും പാമ്പിന്റെയും ദുർബ്ബോധം. പുരാതനം=മുമ്പുള്ളതു.

163. ലോകാ——ദ്ധിതൻ=ലോകത്തിങ്കൽ നിന്നു മറഞ്ഞവൻ. നാകാന്താന്തർസ്ഥിതൻ=സ്വർഗ്ഗത്തെപ്രാപിച്ചവൻ. ഏകാന്തഭക്തി=അളവററ ഈശ്വരസ്നേഹം. ശോകംവിനാ=ദുഃഖംകൂടാതെ.

164. ആദ്യ, നദ്വയ, നനന്ത, നീശ്വരൻ
വേദ്യനല്ലൊ ദേവരാലുമൊക്കകിൽ
വിദ്യയാകുമൊരവിദ്യയൊത്തുതാൻ
നില്ക്കുവോൻ പ്രകൃതി നിന്നിടും വരെ

165. ഏന്നുമാദ്യന്തമദ്ധ്യത്തിൽ
നിന്നീടുന്ന സമസ്തരും
പിൻതുടർച്ച നിനയ്ക്കുമ്പോ—
ളന്തം രണ്ടിന്നുമില്ലതിൽ

166. നരൻജനിക്കുമ്പോലും മരിക്കുമന്നായ്
നിരന്തരം ഹൃത്തിൽ നിനച്ചു നന്നായ്
പരോപകാരപ്രദരായിരിപ്പിൻ
പരാപരൻ ക്രിസ്തു മരിച്ചതോർപ്പിൻ

---

164. ആദ്യൻ എല്ലാററിന്നും മുമ്പുള്ളവൻ. അദ്വയൻ ഏകൻ. അനന്തൻ അളവററവൻ. വിദ്യ ജ്ഞാനം അവിദ്യ ായ (അജ്ഞാനം) പ്രകൃതി നാമരൂപം.

166. പരോപകാരപ്രദർ=അന്യന്മാക്ക് ഉപകാരത്തെ ചെയ്യുന്നവർ

167. ശ്രാന്തമാനസരായ് കേചിൽ
കേചിൽ സ്വാന്ത മദാന്ധരായ്
കാന്താപുത്ര വിയോഗത്താൽ
ക്ലാന്തരായ് ഭ്രാന്തരാം ചിലർ

168. ആശാപാശ നിബദ്ധന്മാർ
ഈശസേവകരർത്ഥികൾ
കാശിലാശാപരന്മാരായ്
നാശമേശുന്നിതൊപ്പമായ്

169. വേദശാസ്ത്രപുരാണങ്ങൾ
ഭേദാഭേദമതങ്ങളും
വാദവിപ്രതിവാദത്താൽ
സ്വാദുപോരെന്നു കേചന.

---

167. ശ്രാന്തമാനസർ=ശ്രമത്താൽ ക്ഷീണിച്ചവർ. കേചിൽ=ചിലർ. സ്വാന്തമദാന്ധർ=ഗർവിഷ്ഠന്മാർ. കാന്താ——ത്താൽ=ഭാര്യാപുത്രന്മാരുടെ വേർപാട്, ക്ലാന്തർ=ദുഃഖിതന്മാർ.

168. ആശാ——ന്മാർ=ആഗ്രഹമായ പാശത്താൽ ബന്ധിക്കപ്പെട്ടവർ.

169. വാദവിപ്രതിവാദം=വാദപ്രതിവാദം. സ്വാദ്=ഇഷ്ടം

170. ഉച്ചത്തിൽ പുകൾപൊങ്ങിടുന്നൊരു സഭാമൈചര
ന്മഹീമണ്ഡലേ
സ്വാചരന്നേശു രമാനുഷൻ കൃതധിയായ് നിക്ഷേ
പിതും സാക്ഷിയായ്
ദ്യുക്ഷേശക്ഷിതികൎമ്മസാക്ഷികൾ സദാ നില്ക്കുന്നനാ
ളൊക്കയും
നിക്ഷിപ്താ ഖലുസൽസ്സഭാവിജയതാം മോ
ക്ഷപ്രദായീനൃണാം

171. ആദ്യന്തഹീനനതി മാനുഷനായ് പിറന്നി
ട്ടാദ്യന്തവിഗ്രഹമുപേക്ഷ്യ ജഗൽപ്രതിഷ്ഠൻ
വിദ്യോത സാത്വിക ഗുണാംബുധി ചന്ദ്രനേശു
ഖദ്യോതവൽ ഭുവി സതാം ഹൃദയാംബുജേഷു

---

170. ഐചരൽ=ഇചരിച്ചു. സ്വാചരൻ=പരിശുദ്ധൻ, കൃതധി=നിശ്ചിതബുദ്ധി നിക്ഷേപിതും=സ്ഥാപിപ്പാനായിക്കൊണ്ടു ദ്യുക്ഷേ——കൾ=ആദിത്യാചന്ദ്രന്മാരും ഭൂമിയും. നിക്ഷി———നൃണാം. മനുഷ്യൎക്ക് മോക്ഷത്തെ കൊടുപ്പാനായി സ്ഥാപിച്ച സഭ വിജയിക്കട്ടെ

171. ആദ്യന്തഹീനൻ=ആദിയും അവസാനവും മില്ലാത്തവൻ. ആദ്യ——പ്രതിഷ്ഠൻ=ആദിയും അന്തവുമുള്ള ശരീരത്തെ ഉപേക്ഷിച്ചു ജഗത്തിങ്കൽ പ്രതിഷ്ഠിതനായി. വിദ്യോ———ചന്ദ്രൻ=ശോഭിക്കപ്പെട്ട സൽഗുണസമുദ്രത്തിന്നു ചന്ദ്രനായവൻ. ഖദ്യോതവൽ=സൂൎയ്യനെപ്പോലെ ഹൃദയാംബുജം=മനസ്സാകുന്ന താമര

172. ആദത്തിൻ പിഴയാലെവന്നൊരു മഹാപാപ
ത്തെനീക്കീടുവാൻ
വേദത്തിൻ പൊരുളായ ദൈവതനയൻജാ
തിതുഭേദം വിനാ
വേദത്തെപ്രവചിച്ചു ജൂതസദസി ചേരാതെ
നീക്കീമഹൽ—
സ്ഥാനത്താൽ ഗതിചേർത്തദൈവതനയൻ മോ
ദത്തെ നാംകീർത്തണം

173. ലത്തിൻഭാഷ, സുറിയാനിയാം ഭണിതികൾ സത്യം
പഴേനേമവും
മുത്തും തങ്കവുമെന്നപോലെ വിലസും സത്യശ്രുതേ
വാങ്മയം
തത്തൽദേശവിളങ്ങിടുന്നധികമായിത്ത
വ്വിലോദുർല്ലഭം
മൽപ്പദ്യാമൃതകൈരളീയകമനം സദ്രത്ന
മാക്ജീയതാം.

174\. ഗീർവ്വാണവാണികൾ കലർന്നുവിളങ്ങീടുന്ന
ചാർവ്വാണി കൈരളിവചോമയമിപ്രബന്ധം
ചാർവ്വാകരെന്നിയെ മതസ്ഥിതരായവർക്കു
നിർവ്വാണമേകുമഖിലർക്കു മിദംപവിത്രം.

175\. വിശ്വാസഭക്തിവിജ്ഞാന
മീശ്വരോദ്ദിഷ്ട കർമ്മവും
ശാശ്വതം പദമേകീടും
നശ്വരം ശേഷ മൊക്കയും

176\. എന്തോതേലോ കഥിപ്പുശ്രുതി പഥവിധിതൻ
ശബ്ദ വൈചിത്ര്യമോർത്താൽ
സ്വാന്തേ രുച്യർത്ഥമേകാത്രുടി തടിപഥ
ഗാവാഹിനീനിമ്നഗേവ
അന്ത്യോക്ക്യാഖ്യാതിതേടും ശ്രുതി സഭ സര
ണീസ്വർഗ്ഗ മാർഗ്ഗപ്രദായീ
സന്തോഹ്യാ ഉർശ്ലേറോമാ തിരുസഭസരണീ
ചാന്തരം സേവിതക്ക്

174\. ഗീർവ്വാണവാണികൾ=സംസ്കൃതവാക്കുകൾ. ചാർവ്വാണി=മനോഹരവാണി. കൈരളി=മലയാളഭാഷ. ചാർവ്വാകർ=ഈശ്വരനില്ലാത്തവർ (നാസ്തികന്മാർ). നിർവ്വാണം=മോക്ഷം. പവിത്രം=പരിശുദ്ധം.

176\. സാരം; ഏകയായി പ്രവഹിക്കുന്ന നദിപൊട്ടി രണ്ടു കൈവഴിയായി ഒഴുകിയതുപോലെയുള്ള അന്ത്യോക്ക്യാ വേദസഭയും റോമാതിരുസഭയും മോക്ഷത്തെകൊടുക്കുന്ന സ്ഥാപനങ്ങൾതന്നെ എന്നു വേദവിധി.

104

K04
C35

# ശ്രീയേശുചരിതം.

ഗ്രന്ഥകൎത്താ:

...ടിൽ കണ്ണാട്ടുണ്ണിമേനോൻ

K04
C35